
# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 26 THE ONLINE OFFICIAL NEWS BULLETIN 2026 June 25


**SEASON OF PENTECOST പെന്തിക്കോസ്തികാലം**

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| 28<br>4<br>5th Sunday after Pentecost | 29 <br>5<br>Feast of St. Peter and St. Paul | 30 <br>8<br>Feast of the Twelve Apostles | 1<br>8 | 2<br>4 | 3 <br>8<br>Dukrono d-Thomo Comme. of St. Thomas the Apostle | 4<br>4 |




## 25 വയസ്സ്: 25 കർമ്മ പദ്ധതികളോടെ

# പ്രതിഭ കറി പൗഡർ

അനേകം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങാവുക എന്ന ലക്ഷ്യത്തോടെ, 2002-ൽ ആരംഭിച്ച പ്രതിഭ ഇന്ന് അനേകായിരം കുടുംബങ്ങളിൽ വിശ്വാസത്തിന്റെ കറിക്കൂട്ടാണ്.

കലർപ്പില്ലാത്ത രുചിയിലൂടെ, കരുതലിന്റെ കരങ്ങളായി, കാരുണ്യത്തിന്റെ സന്ദേശം പകരുന്ന പ്രതിഭ കറിപ്പൗഡർ 25-ആം വയസ്സിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച 25 കർമ്മ പദ്ധതികളിൽ ആദ്യ രണ്ട് ദൗത്യങ്ങൾ വിജയകരമായി പൂർത്തിയാക്കി.

ഇടുക്കി ജില്ലയിലെ 300 കുടുംബങ്ങൾക്ക് 1000 രൂപയുടെ വീതം ഭക്ഷ്യധാന്യ കിറ്റുകൾ നൽകിക്കൊണ്ട് പ്രഥമ ദൗത്യം.

100-ൽ പരം സൗജന്യ ഡയാലിസിസുകളിലൂടെ 25-ൽ അധികം രോഗികൾക്ക് ആശ്വാസവും പുഞ്ചിരിയും സമ്മാനിച്ചത് ദ്വിതീയ ദൗത്യം.

പ. പിതാവിന്റെ തൃക്കരങ്ങളാൽ തൃതീയ പദ്ധതി പ്രകാശനം ചെയ്യപ്പെട്ടു. ഇത് ഒരു സ്പെഷ്യൽ ഡെഡിക്കേഷൻ ആണ്. അനേകം ഭിന്നശേഷിക്കാരായ പ്രതിഭകളെ സ്നേഹത്തോടെയും കരുതലോടെയും പരിപാലിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കും സ്പെഷ്യൽ ഹോമുകൾക്കും വേണ്ടി, ഒരു മാസത്തേക്കാവശ്യമായ ഭക്ഷ്യധാന്യങ്ങളും അവശ്യ വസ്തുക്കളുമായി പ്രതിഭയുടെ ഗ്രോസറി ട്രക്ക് യാത്ര തിരിക്കുന്നു.

സേവനവും സ്നേഹവും കൈകോർക്കുന്ന ഈ ദൗത്യത്തിൽ, ജാതിമത ഭേതമെന്യേ ഓരോ മുഖത്തും പ്രതീക്ഷയുടെ പുഞ്ചിരി വിരിയട്ടെ.

പ്രതിഭ കറിപ്പൗഡർ 25 വർഷങ്ങളുടെ വിശ്വാസം 25 കർമ്മങ്ങളിലൂടെ സമൂഹത്തിനൊപ്പം നമക്കും പങ്കാളികളാകാം.

**പ്രതിഭ കറിപൗഡറുകൾ വാങ്ങാം വാട്സ്ആപ്പ് 9745767220.**

## എഫ്.സി.ആർ.എ.
## ഒന്നും മറച്ചുവെക്കാനില്ല: മലങ്കരസഭ

കോട്ടയം: എഫ്.സി.ആർ.എയിൽ ഒന്നും മറച്ചുവെക്കാനില്ലെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. സഭയുടെ പ്രവർത്തനങ്ങൾ സുതാര്യമാണ്. രാജ്യത്തിന്റെ നിയമത്തിന് വിധേയമായിട്ടാണ് പ്രവർത്തിക്കുന്നത്. അതേ സമയം ചട്ടങ്ങൾ പരിഷ്ക്കരിക്കും മുമ്പ് ബന്ധപ്പെട്ടവരുമായി കൂടിയാലോചനകൾ നടത്താമായിരുന്നു. എല്ലാവരെയും വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോകുമ്പോഴാണല്ലോ ജനാധിപത്യം ശക്തിപ്പെടുന്നത്. എഫ്.സി.ആർ.എ അക്കൗണ്ട് ഉടമകളുടെ സമൂഹമാധ്യമ അക്കൗണ്ടുകളുടെയും, പബ്ലിക്കേഷനുകളുടെയും വിവരങ്ങൾ ആവശ്യപ്പെടുന്നത് സംശയാസ്പദവും മൗലിക അവകാശങ്ങൾക്ക് മേലുള്ള കടന്നുകയറ്റവുമാണ്. ബാങ്ക് അക്കൗണ്ടുകളിലൂടെ ക്രയവിക്രയം നടത്തപ്പെടുന്ന സാമ്പത്തിക ഇടപാടുകൾ കൃത്യമായി ഓഡിറ്റ് ചെയ്യപ്പെടുന്നുണ്ട്. ഇതിന് പുറമേ പ്രസ്ഥാനങ്ങളുടെ നിലപാടുകളെയും ഓഡിറ്റ് ചെയ്യാൻ ശ്രമിക്കുന്നത് അഭിപ്രായ സ്വാതന്ത്ര്യത്തിന് നേരെയുള്ള വെല്ലുവിളിയാണ്. സർക്കാരുകളെ വിമർശിച്ചാൽ അക്കൗണ്ട് ഫ്രീസ് ചെയ്യപ്പെടാം എന്ന മുന്നറിയിപ്പ് പരോക്ഷമായി നൽകുകയാണോ എന്ന് സ്വാഭാവികമായും സംശയിക്കാം. സാങ്കേതിക പിശകുകൾ സംഭവിച്ചാൽപ്പോലും വലിയ തുക പിഴ ഈടാക്കാനുള്ള വ്യവസ്ഥകൾ പ്രസ്ഥാനങ്ങളെ തളർത്തും. സംസ്ഥാനത്തിന് പുറത്തുള്ള മിഷൻ പ്രവർത്തനങ്ങൾക്ക് തടസം നേരിടാനുള്ള സാധ്യതകളും പുതിയ ചട്ടത്തിൽ പ്രകടമാണ്. ഇത്തരം സംശയങ്ങൾക്ക് കൃത്യമായ മറുപടി നൽകാൻ അധികാരികൾ ബാധ്യസ്ഥരാണ്. ക്രൈസ്തവസഭകൾ സംഭാവന ചെയ്തിട്ടുള്ള ആതുരാലയങ്ങളും, വിദ്യാലയങ്ങളും ഈ രാജ്യത്തോടുള്ള സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും പ്രതീകങ്ങളാണ്. സഭകളുടെ ക്രൈസ്തവ ദൗത്യത്തെ സംശയത്തോടെ നിരീക്ഷിക്കുന്നു എന്ന പ്രതീതി സൃഷ്ടിക്കപ്പെടരുത്. രാഷ്ട്രനിർമ്മാണത്തിൽ ഏവരെയും പങ്കാളികളാക്കുമ്പോഴാണ് ദേശീയോദ്ഗ്രഥനം അർത്ഥ പൂർണമാകുന്നത്. വ്യവസായങ്ങൾക്കും ഖനനത്തിനുമടക്കം നിയമങ്ങൾ ലളിതവത്ക്കരിക്കുമ്പോൾ മാനവസേവനത്തിന് ചട്ടങ്ങൾ കൂച്ചുവിലങ്ങിടുന്നത് ഖേദകരമാണ്. എഫ്.സി.ആർ.എ. വിഷയത്തിൽ വിവിധ ക്രൈസ്തവ സഭകളുമായി കൂടിയാലോചിച്ച് തുടർനടപടികൾ കൈക്കൊള്ളുമെന്ന് സഭാനേതൃത്വം വ്യക്തമാക്കി.



**ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നടന്ന ലഹരി വിരുദ്ധ ബോധന സെമിനാറിൽ മലങ്കര ഓർത്തഡോക്സ് സഭ മാനവശാക്തീകരണ വിഭാഗം ഡയറക്ടർ ഫാ. പി. എ. ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. മത്തായിക്കുട്ടി വൈ, ഫാ. വിശാൽ തോമസ്, ഡീക്കൻ ജോൺസ് ഏബ് ആൻഡ്രൂസ് എന്നിവർ പ്രസംഗിച്ചു.**


Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

# പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

## സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

9-2-1952. മദ്രാസ്. പീലിപ്പോച്ചൻ വന്നിരുന്നു. വക്കീലിന്റെ സംഗതി പറഞ്ഞു. 3500 രൂപാ ഫീസും ചിലവുകളും കൊടുക്കാമെന്നും അവധി 13-ാം തീയതി എന്നുള്ളത് 18-ാം തീയതി തിങ്കളാഴ്ചയ്ക്കു മാറ്റണമെന്നും തീരുമാനിച്ചു. പീലിപ്പോച്ചൻ ഇന്ന് ഹോട്ടലിൽ ഒരു മുറി കിട്ടിയതിനാൽ അങ്ങോട്ടു മാറിത്താമസിച്ചു.

Desoto കമ്പനി (ഏജൻസി) ക്കാർ ഒരു കാറും വാനും ഇവിടെ കൊണ്ടുവന്നു നമ്മെ കാണിച്ചു. കാറു എടുക്കുന്നതിനു തീരുമാനിച്ചു.

10-2-1952. മദ്രാസ്. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ മൂന്നു നോമ്പിനെപ്പറ്റിയും മറ്റും പ്രസംഗിച്ചു. കെ. എം. ചെറിയാൻ, ഉമ്മൻ ഫിലിപ്പ്, പി. സി. കുര്യൻ, ചെറിയാൻ മുതലായി പലരും ഇന്ന് പള്ളിയിൽ ഉണ്ടായിരുന്നു.

പീലിപ്പോച്ചൻ 9-12 വരെയും, മൂന്നു മുതൽ അഞ്ചു വരെയും വക്കീലിന്റെ വീട്ടിൽ പോയി അയാളെ കേസു പഠിപ്പിച്ചു.


11-2-1952. മദ്രാസ്. ഇന്ന് മൂന്നു നോമ്പ് ആരംഭിക്കുന്ന ദിവസമാണ്. പ്രത്യേക പ്രാർത്ഥനകളും മറ്റും നടത്തി. രാവിലെ പത്തു മണിയോടുകൂടി സാമുവേൽ കത്തനാർ ബാംഗ്ലൂരിൽ നിന്നും നമ്മെ കാണുന്നതിനു വന്നു. സന്ധ്യയ്ക്കു തിരിച്ചുപോയി. സമുദായപരമായും മറ്റും പല സംഗതികളും പറയുകയുണ്ടായി.

നമ്മുടെ കാറിന്റെ വിറ്റ വില പതിനായിരം രൂപ മാണി കൊണ്ടുവന്നു തന്നു. പന്ത്രണ്ടര ശതമാനം കമ്മീഷൻ കുറച്ച് പുതിയ കാർ പി. സി. മാത്യുവിന്റെയും മറ്റും ഉത്സാഹം മൂലം 21000 രൂപയ്ക്ക് കമ്പനിക്കാർ തരാമെന്നു നിശ്ചയിച്ചു. അതിന് ആവശ്യമുള്ള 21000 രൂപയ്ക്ക് പി. സി. ചെറിയാൻ കമ്പനിക്കാർക്ക് ചെക്കെഴുതി കൊടുത്തു. ടിയാൻ ചെക്കെഴുതിയ 21000 രൂപയിൽ 10000 രൂപാ ഇന്ന് ടിയാനെ ഏല്പിക്കയും 11000 രൂപയ്ക്കു നമ്മുടെ പണത്തിൽ നിന്നും കൊടുക്കുന്നതിന് മാളിയേക്കൽ മാത്തുക്കുട്ടിക്ക് ഒരു എഴുത്തും കൊടുത്തു. വണ്ടി പി. സി. ചെറിയാന്റെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത്.

രാവിലെ ആറു മണിക്കുള്ള പ്ലെയിനിൽ പീലിപ്പോച്ചൻ തിരുവനന്തപുരത്തിനു പോയി. മണലിൽ യാക്കോബ് കത്തനാരുടെ ഒരു എഴുത്തുവന്നു. അതിനു മറുപടിയും അയച്ചു. കേസുകൾക്ക് ആവശ്യമായ പണം എറികാട്ടെ ബേബിയുടെ (അന്നത്തെ മലങ്കര അസോസ്യേഷൻ സെക്രട്ടറി ഇ. ജെ. ജോസഫ് - എഡിറ്റർ) ബാങ്കിൽ നിന്നും വാങ്ങുന്നതിനും, കടമ്പനാട്ടു പള്ളിക്കാരുടെ പണം നമ്മുടെ പേരിൽ ഉള്ളത് തേവോദോസ്യോസ് മെത്രാച്ചന്റെ പേർക്കു മാറ്റുന്നതിനും ടി എഴുത്തിൽ പറഞ്ഞിട്ടുണ്ട്. കുണ്ടറ നിന്നും സി. ഐ. നൈനാന്റെ എഴുത്തു വന്നു. സന്ധ്യാനമസ്കാരശേഷം ബീച്ചിൽ പോയി കുറെ സമയം കാറ്റു കൊണ്ടശേഷം തിരിച്ചു പോന്നു. പി. സി. കുര്യനും, പി. സി. ചെറിയാനും കോട്ടയത്തിന് ഇന്നു പോയി.

12-2-1951. മദ്രാസ്. മൂന്നു നോമ്പ് പ്രമാണിച്ചു രാവിലെ പ്രത്യേക നമസ്കാരവും മറ്റും ഉണ്ടായിരുന്നു. പുതിയ കാറിന്റെ വില (21000 രൂപ) ഇന്ന് കമ്പനിക്കാർക്കു കൊടുത്ത് കാറ് ഇവിടെ കൊണ്ടുവന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് പുതിയ കാറിൽ ബീച്ചിൽ പോയി കുറെ സമയം കാറ്റുകൊണ്ടശേഷം തിരിച്ചു പോന്നു.

നാലു മണിക്ക് കെ. സി. മാമ്മൻ മാപ്പിളയും അദ്ദേഹത്തിന്റെ ആറു മക്കളും കൂടി ഇവിടെ വന്നു നമ്മെ കാണുകയുണ്ടായി. അവരുടെ കമ്പനി മീറ്റിംഗ് കഴിഞ്ഞതിനാൽ ഇന്നു തന്നെ എല്ലാവരും അവരവരുടെ ആസ്ഥാനത്തേക്കു പോകുന്നതാണ്. കോട്ടയത്തെ കേസിനെക്കുറിച്ചും, പുരോഗമന പദ്ധതിയെക്കുറിച്ചും മറ്റും പറയുകയുണ്ടായി. അഞ്ചു മണിക്ക് എല്ലാവരും തിരിച്ചുപോയി. പരുമല റമ്പാച്ചനും കുന്നംകുളത്തെ ചാക്കുണ്ണി അച്ചനും എഴുത്തയച്ചു.



13-2-1952. മദ്രാസ്. രാവിലെ പതിവുപോലെ മൂന്നു നോമ്പിന്റെ നമസ്കാരവും മറ്റും ഉണ്ടായിരുന്നു. ഉച്ചനമസ്കാരം 12 മണിക്ക് ആരംഭിച്ചു. നമസ്കാരശേഷം മാത്യൂസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ദീവന്നാസ്യോസ് മെത്രാച്ചന്റെ ഒരു എഴുത്ത് വന്നിരുന്നു. ഇവിടുത്തെ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളെല്ലാംകൂടി ഒരു ഗ്രൂപ്പ് ഫോട്ടോ നമ്മെക്കൂടി ഇരുത്തിക്കൊണ്ട് എടുപ്പിക്കുകയുണ്ടായി. സി. പി. മാത്തൻ വന്നു ചില സംഗതികൾ പറയുകയുണ്ടായി. സന്ധ്യാനമസ്കാരശേഷം നമ്മുടെ പുതിയ കാറിൽ ബീച്ചിൽ പോയി കുറെ സമയം കാറ്റുകൊണ്ടശേഷം തിരിച്ചുവന്നു.

14-2-1952. മദ്രാസ്. മൂന്നു നോമ്പ് വീടൽ പ്രമാണിച്ച് മാത്യൂസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. പത്തു പന്ത്രണ്ടുപേർ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. അയിരൂർക്കാരൻ സൈമൺ ശെമ്മാശൻ നമ്മെ കാണ്മാൻ വന്നു. ഇന്നിവിടെ താമസിച്ചു. ഡോക്ടർ വന്ന് നമ്മെ കുത്തിവച്ചു. ശമുവേൽ ഡോക്ടറും വന്നിരുന്നു.

മാണിക്കു വിറ്റ കാറ് മാണി ഇന്നു കൊണ്ടുപോയി. അതിന്റെ രജിസ്ട്രേഷനും, വിലച്ചീട്ടും മറ്റും ഇന്ന് കൊടുത്തു. സന്ധ്യാനമസ്കാരം കഴിഞ്ഞ് പതിവുപോലെ ബീച്ചിൽ പോയി കാറ്റു കൊള്ളുകയുണ്ടായി.

15-2-1952. മദ്രാസ്. ഇന്ന് മായൽത്തോ പെരുന്നാളാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. നാം കാതോലിക്കാ സ്ഥാനമേറ്റിട്ട് ഇന്ന് 22 വർഷം തികഞ്ഞു. 150 രൂപ വിലയ്ക്ക് ക്ലോക്ക് വാങ്ങിച്ചു. ഉപ്പൂട്ടിലെ കാച്ചപ്പാ ചരക്കെടുക്കാൻ ഇവിടെ വന്ന വഴി പള്ളിയിൽ വന്ന് നമ്മെ കണ്ടു കോട്ടയത്തെ സംഗതി

കളെപ്പറ്റിയും മറ്റും പറയുകയുണ്ടായി.

നാലു മണിക്ക് കെ. എം. ഉമ്മൻ വന്ന് നമ്മെ അവന്റെ വീട്ടിലേക്കു ക്ഷണിച്ചുകൊണ്ടുപോയി. കാപ്പികുടി കഴിഞ്ഞ് പ്രാർത്ഥന കഴിഞ്ഞ് അവിടെ നിന്നും ടിയാന്റെ അനുജൻ ബേബിയുടെ വീട്ടിലും കയറി. ചെറിയാച്ചനും അവിടെ ഉണ്ടായിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് 9.30-നുള്ള വണ്ടിക്ക് തൃശ്നാപ്പള്ളിക്കു തിരിച്ചു. റെയിൽവേ സ്റ്റേഷനിൽ കെ. എം. ഉമ്മൻ, എം. പി. ഏബ്രഹാം, തോമസ് മുതലായി ഇടവകക്കാരിൽ പലരും വികാരിയെ കൂടാതെ ഹാജരായി നമ്മെ യാത്രയയച്ചു. നാമും ശെമ്മാശനും മാത്രമാണ് ട്രെയിനിൽ പോയത്. നമ്മുടെ വണ്ടിയുമായി ഡ്രൈവറും ഉണ്ണിയും സൈമൺ ശെമ്മാശനും നാളെ ട്രിച്ചിയിൽ വരണമെന്നു പറഞ്ഞിട്ടുണ്ട്.

16-2-1952. തൃശ്നാപ്പള്ളി. രാവിലെ ആറു മണിക്ക് ട്രെയിൻ തൃശ്നാപ്പള്ളി സ്റ്റേഷനിൽ എത്തി. ദീവന്നാസ്യോസ് മെത്രാച്ചനും അവിടെ താമസിക്കുന്ന അച്ചന്മാരും, കുറെ ജനങ്ങളും സ്റ്റേഷനിൽ വന്നു നമ്മെ സ്വീകരിച്ച് മെത്രാച്ചന്റെ സ്കൂളിലേക്കു കൂട്ടിക്കൊണ്ടുപോയി (പൊന്നയ്യ ഹൈസ്കൂൾ).

ഇന്ന് ബർസൗമോയുടെ ഓർമ്മദിവസമാകയാൽ സഖറിയാ കത്തനാർ കുർബ്ബാന അർപ്പിച്ചു. കാപ്പി കഴിഞ്ഞ് വിശ്രമിച്ചു. ഇവിടെയുള്ള പല ആളുകളും നമ്മെ വന്നു കാണുകയുണ്ടായി. 12.15-നു സൈമൺ ശെമ്മാശനും മറ്റും നമ്മുടെ കാറുമായി മദ്രാസിൽ നിന്നും വന്നു.

മൂന്നര മണിയോടു കൂടി ഈ സ്കൂളിലെ സ്റ്റാഫും വിദ്യാർത്ഥികളും കൂടി നമ്മുടെ ബഹുമാനാർത്ഥം ഒരു മീറ്റിംഗ് സ്കൂൾ ഹാളിൽ വച്ച് നടത്തി. യൂറോപ്യൻ ബിഷപ്പ് ആദ്ധ്യക്ഷം വഹിച്ചു. സ്കൂളിന്റെ വകയായി ഒരു മംഗളപത്രം നമുക്കു സമർപ്പിച്ചു. നാം അതിനു മറുപടി പറകയും ചെയ്തു. നമ്മുടെ മറുപടി പ്രസംഗം ഹെഡ്മാസ്റ്റർ മി. ദാനിയേൽ തമിഴിൽ തർജ്ജമ ചെയ്തു കേൾപ്പിച്ചു. അഞ്ചര മണിക്കു മീറ്റിംഗിന്റെ ചടങ്ങുകൾ അവസാനിച്ചു. സ്റ്റാഫിന്റെ വകയായി ടീച്ചേഴ്സും വിദ്യാർത്ഥികളുടെ വകയായി അവരുടെ പ്രതിനിധിയും നമ്മെ ഹാരമണിയിച്ചു. അനന്തരം നമ്മുടെ കൂടി സാന്നിദ്ധ്യത്തിൽ സ്റ്റാഫ് അംഗങ്ങളുടെ ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. ഇവിടെ അടുത്തുള്ള കോളജിൽ പഠിക്കുന്ന മലയാളത്തുകാരായ പലരും നമ്മെ വന്നു കാണുകയുണ്ടായി.

സ്കൂൾ വളരെ നല്ല ഒരു കെട്ടിടമാണ്. രണ്ടുനില കെട്ടിടമാണ്. ഈ കെട്ടിടത്തിന്റെ മദ്ധ്യേ ഒരു വലിയ ഹോൾ രണ്ടു നിലയായും ഉണ്ട്. ഹോളിന്റെ നാലു വശത്തുമായി ഇരുപത്തിഅഞ്ചിൽപരം ക്ലാസ്സ് റൂമുകൾ ഉണ്ട്. തെക്കേ അറ്റത്ത് ഭംഗിയായ ഒരു ചാപ്പലും ഉണ്ട്. സ്കൂൾ കോമ്പൗണ്ടിൽ തന്നെ ഒരു എലിമെന്ററി സ്കൂളും ഉണ്ട്. ആകെക്കൂടി 1300-ൽപരം കുട്ടികൾ പഠിക്കുന്നുണ്ട്.

17-2-1952. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഇന്ന് മരിച്ചുപോയ സകല കൊഹനേന്മാരുടെയും ഓർമ്മ കഴിക്കുന്ന ഞായറാഴ്ചയാണ്. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. നൂറിൽപരം ആളുകൾ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. കുർബ്ബാന കഴിഞ്ഞ് പലരും നമ്മെ വന്നു കാണുകയുണ്ടായി. 5 മണിക്ക് ഗോൾഡൻ റോക്ക് എന്ന സ്ഥലത്ത് (കൊച്ചുമെത്രാച്ചന്റെ അനുജനും മറ്റു നമ്മുടെ പലരും താമസിക്കുന്നിടത്ത്) പോയിരുന്നു. ഡോക്ടറുടെ വീട്ടിൽ വച്ച് നമുക്ക് ഒരു ഗാർഡൻ പാർട്ടി തരികയുണ്ടായി. അതുകഴിഞ്ഞ് ഡോക്ടറുടെയും കൊച്ചുമെത്രാച്ചന്റെ അനുജന്റെയും വീട്ടിൽ കയറി പ്രാർത്ഥിച്ചശേഷം തിരിച്ചുപോന്നു. തിരിച്ചുപോരുന്ന വഴി, നമ്മുടെ കൂടെ ചേർന്ന അൽവാറീസ് അച്ചനും ഇടവകക്കാരും ആവശ്യപ്പെട്ടതനുസരിച്ച് നാമും മെത്രാച്ചനും അവരുടെ പള്ളിയിൽ കയറി ലുത്തിനിയാ കഴിച്ചു. പള്ളിക്കാർ ഹാരമണിയിച്ചു നമ്മെ സ്വീകരിക്കയും വളരെ പഴങ്ങൾ നമുക്ക് കാഴ്ചവയ്ക്കുകയും ചെയ്തു. അവരോട് ഒരു ഗുണദോഷം പറകയും ആശീർവദിക്കയും ചെയ്തശേഷം സ്കൂളിലേക്കു പോന്നു. രാത്രി താമസിച്ചു.

18-2-1952. തൃശിനാപള്ളിയിൽ നിന്നും ശ്രീവല്ലിപുത്തൂരേക്ക്. രാവിലെ നമസ്കാരം കഴിഞ്ഞ് സ്കൂൾ കെട്ടിടം മുഴുവൻ കൂദാശ ചെയ്തു. കാപ്പി കഴിഞ്ഞ് ഒമ്പതു മണിക്ക് നാട്ടിലേക്കു തിരിച്ചു. ഉച്ചയ്ക്കു മധുര ടി.ബി. യിൽ ഇറങ്ങി ഭക്ഷണം കഴിച്ചു വിശ്രമിച്ചു. ദീവന്നാസ്യോസ് മെത്രാച്ചനും നമ്മോടുകൂടി ഉണ്ടായിരുന്നു. മധുരയിൽ വച്ച് കണ്ടഞ്ചിറ പാപ്പിയുടെ അനുജൻ വന്നു നമ്മെ കാണുകയുണ്ടായി. അഞ്ചു മണിയോടുകൂടി വീണ്ടും യാത്ര തിരിച്ചു. ആറര മണിക്കു ശ്രീവല്ലിപുത്തൂർ എന്ന സ്ഥലത്ത് എത്തി. സന്ധ്യ മയങ്ങി തുടങ്ങിയതിനാൽ അവിടെ ടി.ബി. യിൽ കയറി താമസിച്ചു. ഇവിടുത്തെ വാച്ചർ കോട്ടയത്തുകാരൻ ഒരു നായരായിരുന്നു. താമസിക്കുന്നതിനും മറ്റും സുഖമായിരുന്നു.

19-2-1952. ശ്രീവല്ലിപുത്തൂരിൽ നിന്നും കുണ്ടറയ്ക്ക്. രാവിലെ അഞ്ചുമണിക്ക് നമസ്കാരം കഴിഞ്ഞ് കുണ്ടറയ്ക്കു തിരിച്ചു. എട്ടു മണിക്കു ചെങ്കോട്ട ടി.ബി. യിൽ എത്തി. കാപ്പികുടി കഴിഞ്ഞ് 9.15-നു വീണ്ടും യാത്ര തിരിച്ചു. 11 മണിയോടുകൂടി പുനലൂർ ടി.ബി. യിൽ എത്തി. ദീവന്നാസ്യോസ് മെത്രാച്ചന് തിരുവല്ലായിൽ നിന്നും കാറു വന്നിരുന്നതിനാൽ മെത്രാച്ചൻ അവിടെ ഇറങ്ങി തിരുവല്ലായ്ക്കു പോയി. വീണ്ടും യാത്ര തുടർന്ന് 12 മണിക്ക് സസുഖം ഇവിടെ എത്തി. ഇവിടുത്തെ മാനേജർ കത്തനാരും, വൈദ്യൻ കത്തനാരും, നല്ലാക്കാരൻ കത്തനാരും, ഹെഡ്മാസ്റ്റർ നൈനാൻ സാറും മറ്റും ഇവിടെ ഉണ്ടായിരുന്നു. സന്ധ്യയോടുകൂടി പൊയ്കയിൽ അച്ചനും, തടത്തിവിള തോമസ് കത്തനാരും വന്നിരുന്നു.

20-2-1952. കുണ്ടറ. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. നല്ലാക്കാരൻ കത്തനാരും, വട്ടയ്ക്കാട്ടു കത്തനാരും, സി. ഐ. നൈനാനും, മാത്തുസാറും മറ്റു പലരും കുർബ്ബാനയിൽ സംബന്ധിച്ചു.

21-2-1952. കുണ്ടറയിൽ നിന്നും പരുമലയിലേക്ക്. നമസ്കാരം കഴിഞ്ഞ് സ്കൂൾ ചുറ്റിനടന്ന് കാണുകയുണ്ടായി. നാം പെരുന്നാളിനു ചെല്ലണമെന്നു കാണിച്ച് കോട്ടയത്തു നിന്നും മാനേജരു കത്തനാരുടെ കത്തു വന്നു. ഉച്ചകഴിഞ്ഞ് പരുമലയ്ക്കു തിരിച്ചു. ചെങ്ങന്നൂർ വന്ന് പാണ്ടനാടു വഴിയാണ് പോന്നത്. വണ്ടി സെമിനാരി മുറ്റത്തു വരെ ചെന്നു. റമ്പാച്ചനും, അരികുപുറത്തു കത്തനാരും, മാനേജരു കത്തനാരും അവിടെ ഉണ്ടായിരുന്നു.

22-2-1952. പരുമല, കോട്ടയം. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് കാപ്പിക്കു ശേഷം കോട്ടയത്തിനു തിരിച്ചു. 12 മണിയോടു കൂടി ഇവിടെ എത്തി. മാങ്ങാനത്തു വന്നശേഷം പഴയസെമിനാരിക്കു പോയി. പെരുനാൾ പ്രമാണിച്ചു തീമോത്തിയോസ് മെത്രാച്ചൻ സെമിനാരിയിൽ വന്നിട്ടുണ്ട്. പലരും വന്നു നമ്മെ കാണുകയുണ്ടായി. അഞ്ചര മണിയോടു കൂടി കോട്ടയം ജില്ലാക്കോടതിയിൽ നിന്നും ഒരു നോട്ടീസ് വന്നിരുന്നു. ഹൈക്കോർട്ട് വിധി കഴിഞ്ഞശേഷം അതിനെതിരായി സെമിനാരിയും മറ്റു പൊതുസ്ഥാപനങ്ങളിലും നാം കർമ്മം നടത്തിയത് തെറ്റാണെന്നും, അതിനു നമ്മെ പ്രോസിക്യൂട്ടു ചെയ്യണമെന്നും, ഇന്നും നാളെയും പെരുന്നാൾ നടത്താൻ പാടില്ലെന്നും മറ്റും കാണിച്ച് സി. ജെ. കുര്യൻ (മുൻ സി. ജെ. കുര്യന്റെ ജ്യേഷ്ഠന്റെ മകൻ) കോടതിയിൽ ഹർജി ബോധിപ്പിച്ചതിന് ഫെബ്രുവരി 28-ാം തീയതി ആക്ഷേപം ഉണ്ടെങ്കിൽ കൊടുക്കണമെന്നു കാണിച്ചായിരുന്നു നോട്ടീസ്. അതിനെപ്പറ്റി മണലിൽ കത്തനാരും മാനേജരു കത്തനാരും മറ്റുമായി ആലോചിച്ച് നാം നോട്ടീസിൽ ഒപ്പിട്ടു കൊടുത്തു. സന്ധ്യയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചനും വന്നിരുന്നു. പതിവുപോലെ പെരുന്നാൾ പ്രമാണിച്ച് സന്ധ്യാനമസ്കാരവും റാസയും വെടിക്കെട്ടും മറ്റും ഉണ്ടായിരുന്നു. പതിവിലധികം ആളുകൾ പെരുനാളിനു സംബന്ധിച്ചിരുന്നു. ഒമ്പതര മണിക്ക് ചടങ്ങുകൾ എല്ലാം അവസാനിച്ചു.

23-2-1952. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ. പെരുന്നാൾ പ്രമാണിച്ച് നാമും തീമോത്തിയോസ് മെത്രാച്ചനും, ദീവന്നാസ്യോസ് മെത്രാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ പ്രസംഗിച്ചു. ഇന്നും പതിവിൽ അധികം ആളുകൾ പെരുന്നാൾ ചടങ്ങുകളിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് കബറുങ്കൽ ധൂപം വയ്ക്കുകയും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. അതിനുശേഷം റാസയും, മനോഹര വർഗീസിന്റെ വകയായി പള്ളിയിൽ വന്നവർക്കെല്ലാം കാപ്പിയും കൊടുക്കുകയുണ്ടായി.

ഉച്ചകഴിഞ്ഞ് മെത്രാച്ചന്മാർ രണ്ടുപേരും തിരിച്ചുപോയി. മൂന്നു മണിയോടു കൂടി ഉമയാറ്റുകര കത്തനാരും മംഗലത്തിലെ കത്തനാരും കൂടി വന്നിരുന്നു. സന്ധ്യയോടു കൂടി തിരിച്ചുപോയി.

24-2-1952. കോട്ടയം. സകല മരിച്ചവരുടെയും ഓർമ്മ കഴിക്കുന്ന ഞായർ. മണലിൽ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസ് കത്തനാർ പ്രസംഗിച്ചു. മാമ്മൻ മാപ്പിള, എം. സി. മാത്യു ആദിയായി പലരും പള്ളിയിൽ വന്നിരുന്നു. രണ്ടര മണിക്കു കൊച്ചെറികാട്ടെ മാത്തുച്ചന്റെ പെങ്ങളുടെ വിവാഹം നടത്തിക്കൊടുത്തു.

25-2-1952. കോട്ടയം, മാങ്ങാനം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു.

പയ്യമ്പള്ളിൽ ദാവീദ് കത്തനാർ വന്നിരുന്നു. ഉച്ചകഴിഞ്ഞ് മാങ്ങാനത്തേക്കു നമ്മുടെ താമസം മാറ്റി. കുഴിമറ്റത്തച്ചനും, പാത്താമുട്ടത്തെ പുന്നൂസ് കത്തനാരും വന്നിരുന്നു.

26–2–1952. മാങ്ങാനം. രാവിലെ പരുമല നിന്നും കാരിക്കോട്ടു കത്തനാർ വന്നിരുന്നു. പരുമല നിലങ്ങൾക്കു റിസീവരെ നിയമിച്ചതിലുള്ള ആക്ഷേപം കൊടുക്കുന്നതിനെപ്പറ്റിയും മറ്റും പറഞ്ഞു. വക്കീലന്മാരുമായി ആലോചിച്ചു വേണ്ടതു ചെയ്യുന്നതിന് ഉച്ചകഴിഞ്ഞു പോയി.

കുന്നംകുളം പള്ളി വികാരി കാക്കശ്ശേരിൽ യൗസേഫ് കത്തനാരുടെ എഴുത്തു വന്നിരുന്നു. എഴുത്തനുസരിച്ച് അവിടുത്തെ പള്ളിക്കേസിൽ ഹാജരാക്കുന്നതിന് മുൻ സ്കൂൾ മാനേജർ കുഞ്ഞാത്തുവിന്റെയും കമ്മട്ടിക്കാരുടെയും രാജി ഹർജി അയച്ചുകൊടുത്തു.

27–2–1952. മാങ്ങാനം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. പാപ്പിയും മറ്റു ചിലരും കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് മാനേജരു കത്തനാരും, ളാക്കൂക്കാരൻ കത്തനാരും, ജോഷ്വാ കത്തനാരും വന്ന് ചില സംഗതികൾ പറഞ്ഞു. വെങ്ങാഴിയിലെ കത്തനാരും അയാളുടെ മകളും വന്ന് ഉച്ച കഴിഞ്ഞു തിരിച്ചു പോയി.

സഭാസമാധാനത്തെപ്പറ്റി കെ. പി. ഏബ്രഹാം നമ്മെ അറിയിക്കുന്നതിന് പറഞ്ഞതായിട്ടുള്ള ചില സംഗതികൾ കുഞ്ഞപ്പനും, വട്ടക്കുന്നേൽ കുര്യൻ വക്കീലിന്റെ മകനും കൂടി വന്നു നമ്മോടു പറയുകയുണ്ടായി. ഈ അവസരത്തിൽ ഹൈക്കോടതി വിധി ഇങ്ങനെ കിടക്കുമ്പോൾ സമാധാനം പ്രയാസമാണെന്നും, ശരിയായ കാനോനും അബ്ദൽ മശിഹാ ബാവായുടെ പട്ടത്വവും സ്വീകരിക്കയും, ഇപ്പോഴത്തെ ഹൈക്കോടതി വിധി നടപ്പിലാക്കാതെയിരിക്കാനുള്ള സംഗതികൾ കണ്ടുപിടിച്ച് വ്യവസ്ഥ ചെയ്യുകയും ചെയ്യാതെ സമാധാനാലോചന തന്നെ വ്യർത്ഥമാണെന്നും വിവരം ഏബ്രഹാമിനെ അറിയിച്ച് മറുപടി വാങ്ങുന്നതിനും നാം പറഞ്ഞു. അഞ്ചു മണിക്ക് ഇരുവരും തിരിച്ചുപോയി. അഞ്ചു മണിക്ക് കറ്റാനത്തു നിന്നും ഒരാൾ വന്ന് ആരക്കണ്ടത്തിൽ പാപ്പി മരിച്ചെന്ന് അറിയിച്ചു. ശവമടക്കം പ്രമാണിച്ച് നാം നാളെ അവിടെ ചെല്ലുന്നതാണെന്നുള്ള വിവരം ടിയാനോടു പറഞ്ഞയച്ചു.

28–2–1952. മാങ്ങാനം, കറ്റാനം. രാവിലെ വി. കുർബ്ബാന കഴിഞ്ഞ് കറ്റാനത്തിനു തിരിച്ചു. 11 മണിക്ക് അവിടെ എത്തി. മൂന്നു മണിക്ക് പാപ്പിയുടെ ശവം പള്ളിയിൽ കൊണ്ടുവന്നു. ശുശ്രൂഷകൾ കഴിഞ്ഞ് നാലു മണിയോടുകൂടി അടക്കം ചെയ്തു. നാം ഒരു പ്രസംഗവും ചെയ്യുകയുണ്ടായി. തോമസ് മല്പാൻ, പറമ്പിൽ അച്ചൻ, പുത്തൻപുരയിൽ അച്ചൻ, പയ്യമ്പള്ളിൽ കത്തനാർ, ഹോറേബ് കത്തനാർ, മൂത്തേടത്തു കത്തനാർ ആദിയായി പല പട്ടക്കാരും വലിയോരു ജനക്കൂട്ടവും ഇതിൽ സംബന്ധിച്ചു. രാത്രി ഇവിടെ പള്ളിക്കെട്ടിടത്തിൽ നാം താമസിച്ചു.

29–2–1952. കറ്റാനം, മാവേലിക്കര. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. അനന്തരം പാപ്പിയുടെ കബറിങ്കൽ പോയി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ധൂപം വയ്ക്കുകയും ചെയ്തു. പാപ്പിയുടെ മക്കളും ബന്ധുക്കാരുമായി പലരും പള്ളിയിൽ വന്നിരുന്നു. കാപ്പി കഴിഞ്ഞ് മാവേലിക്കരയ്ക്കു തിരിച്ചു. പറമ്പിലച്ചനും, സി. ചാക്കോയും വന്നു നമ്മെ കണ്ട് നാളെ ചാക്കോച്ചന്റെ ഷഷ്ഠിപൂർത്തിയാകയാൽ നാം വി. കുർബ്ബാന ഇവിടെ വച്ചു ചൊല്ലണമെന്നു നിർബ്ബന്ധിച്ചതിനാൽ ഇന്നിവിടെ താമസിച്ചു.

നാലു മണിയോടു കൂടി നമ്മുടെ പടം വരയ്ക്കുന്ന തമ്പുരാന്റെ സ്റ്റുഡിയോയിൽ പോയി പടം കാണുകയുണ്ടായി. അതിനുശേഷം സി. ചാക്കോയുടെ വീട്ടിൽ കയറി പ്രാർത്ഥന നടത്തി.

അഞ്ചു മണിയോടു കൂടി മാമ്മൻ മാപ്പിളയും, മാത്തുക്കുട്ടിയും, കൊച്ചുകൊച്ചും, കുഞ്ഞച്ചനും, ഫീലിപ്പോസു കത്തനാരും, പി. സി. ഏബ്രഹാമും പള്ളിയിൽ വന്ന് പണപ്പിരിവിനെപ്പറ്റി ആലോചിക്കയും മറ്റും ചെയ്തു. മാവേലിക്കരയിലെ പല പ്രമുഖന്മാരും അവിടെ വന്ന് മാമ്മൻ മാപ്പിളയെയും മറ്റും കാണുകയുണ്ടായി. സന്ധ്യയോടു കൂടി അവർ തിരിച്ചുപോയി.

1–3–1952. മാവേലിക്കര, മാങ്ങാനം. രാവിലെ സി. ചാക്കോയുടെ ഷഷ്ഠിപൂർത്തി പ്രമാണിച്ച് നാമും പുത്തൻപുരയിലച്ചനും, പറമ്പിലച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. ചാക്കോച്ചനും ടിയാന്റെ ബന്ധുക്കളായ പലരും പള്ളിയിൽ വന്നിരുന്നു.

27–2–1952. മാങ്ങാനം. ... സഭാസമാധാനത്തെപ്പറ്റി കെ. പി. ഏബ്രഹാം നമ്മെ അറിയിക്കുന്നതിന് പറഞ്ഞതായിട്ടുള്ള ചില സംഗതികൾ കുഞ്ഞപ്പനും, വട്ടക്കുന്നേൽ കുര്യൻ വക്കീലിന്റെ മകനും കൂടി വന്നു നമ്മോടു പറയുകയുണ്ടായി. ഈ അവസരത്തിൽ ഹൈക്കോടതി വിധി ഇങ്ങനെ കിടക്കുമ്പോൾ സമാധാനം പ്രയാസമാണെന്നും, ശരിയായ കാനോനും അബ്ദൽ മശിഹാ ബാവായുടെ പട്ടത്വവും സ്വീകരിക്കയും, ഇപ്പോഴത്തെ ഹൈക്കോടതി വിധി നടപ്പിലാക്കാതെയിരിക്കാനുള്ള സംഗതികൾ കണ്ടുപിടിച്ച് വ്യവസ്ഥ ചെയ്യുകയും ചെയ്യാതെ സമാധാനാലോചന തന്നെ വ്യർത്ഥമാണെന്നും വിവരം ഏബ്രഹാമിനെ അറിയിച്ച് മറുപടി വാങ്ങുന്നതിനും നാം പറഞ്ഞു. അഞ്ചു മണിക്ക് ഇരുവരും തിരിച്ചുപോയി.

ഉച്ചകഴിഞ്ഞ് കോട്ടയത്തിനു തിരിച്ചു. തിരുവല്ലായിൽ വച്ച് ബഥനിയിൽ കയറി ദീവന്നാസ്യോസ് മെത്രാച്ചനെ കണ്ട് പരുമല കാര്യത്തെപ്പറ്റിയും മറ്റും പറയുകയുണ്ടായി. അഞ്ചു മണിക്ക് മാങ്ങാനത്ത് എത്തി.

2–3–1952. മാങ്ങാനം. ഇന്ന് കൊത്തിനെ ഞായറാഴ്ചയാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. മണലിൽ കത്തനാരും വന്നിരുന്നു. പത്തുമുപ്പതു പേർ കുർബ്ബാനയിൽ സംബന്ധിച്ചു. ചെമ്പകശ്ശേരിയിലെ കൊച്ചുകൊച്ചും, ജോർജുകുട്ടിയും മറ്റും വന്നിരുന്നു.

നാലു മണിയോടു കൂടി മാനേജരു കത്തനാരും കുഞ്ഞച്ചനും, വക്കീൽ അവറാച്ചനും കൂടി വന്നിരുന്നു. കേസിന്റെ കാര്യങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു. ഇവിടെ ഇരുന്ന ആധാരങ്ങൾ അച്ചൻ കൊണ്ടുപോയി.

3–3–1952. മാങ്ങാനം. ഇന്ന് നോമ്പ് ആരംഭിച്ചു. രാവിലെ നോമ്പിന്റെ പ്രത്യേക പ്രാർത്ഥനകൾ നടത്തി. ഉച്ചനമസ്കാരശേഷം ശുബുക്കോനോ ശുശ്രൂഷയും നടത്തുകയുണ്ടായി. പരുമലക്കാര്യത്തെപ്പറ്റി ആലോചിക്കുന്നതിനായി ദീവന്നാസ്യോസ് മെത്രാച്ചൻ ഇങ്ങോട്ടു വരണമെന്നറിയിച്ചതനുസരിച്ച് പത്തു മണിക്കു മെത്രാച്ചൻ വന്നു. ഉച്ചകഴിഞ്ഞ് തിരിച്ചുപോയി.

4–3–1952. മാങ്ങാനം. ഇന്ന് ആക്ഷൻ കമ്മിറ്റിയുടെ ഒരു മീറ്റിംഗ് ഇവിടെ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. വട്ടക്കുന്നേൽ റമ്പാച്ചനും, ഓതറെ റമ്പാച്ചനും, ഫീലിപ്പോസ് കത്തനാരും, കൊറ്റാത്തുവിള തോമസ് കത്തനാരും, മാമ്മൻ മാപ്പിളയും, പി. സി. ഏബ്രഹാമും, കൊച്ചുകൊച്ചും, പാറേട്ടച്ചനും, ഉപ്പൂട്ടിൽ കുഞ്ഞച്ചനും, പി. എം. ജേക്കബും, തേരകത്തെ ബേബിയും മറ്റും വന്നിരുന്നു. ഫീലിപ്പോസ് കത്തനാർ കമ്മിറ്റിയുടെ നാളതുവരെയുള്ള പ്രവർത്തനത്തെ വിശദീകരിച്ചു പറഞ്ഞു. പണപ്പിരിവിനെപ്പറ്റിയും, ദേവലോകത്തിന്റെ ആധാരമെഴുത്തിനെപ്പറ്റിയും മറ്റും ആലോചിക്കയുണ്ടായി. പന്ത്രണ്ടര മണിയോടു കൂടി മീറ്റിംഗ് അവസാനിച്ചു. അതിനുശേഷം നമസ്കാരം നടത്തി. നമസ്കാരം കഴിയുന്നതിനു മുപ്പത് മിനിട്ട് മുമ്പ് മാർ യൂലിയോസും, ക്ലിമീസും കൂടി ഒരു കാറിൽ വന്നു. നമസ്കാര സമയമായതുകൊണ്ട് മുറിയുടെ വരാന്തയിൽ വിശ്രമിച്ചു. നമസ്കാരം കഴിഞ്ഞ് 15 മിനിട്ട് സംഭാഷണം നടത്തി. നമ്മുടെ സുഖക്കേടിനെപ്പറ്റി മുമ്പ് പത്രങ്ങളിൽ കണ്ടെന്നും മദ്രാസിൽ പോയിട്ട് ഇപ്പോൾ എങ്ങനെയിരിക്കുന്നെന്നും, സുഖമുണ്ടോയെന്നും മദ്രാസിൽ നിന്നും നാം വന്നപ്പോൾ മുതൽ വന്നുകാണണമെന്ന് ആഗ്രഹിച്ചെങ്കിലും ഇന്നാണ് സൗകര്യപ്പെട്ടതെന്നും മറ്റും പറയുകയുണ്ടായി. കൂടാതെ സംസാരമദ്ധ്യേ നമുക്കു ശീമയ്ക്കു പോകണമെന്നും മറ്റും യൂലിയോസ് പറയുകയുണ്ടായി. ഇനിയും സ്വർഗ്ഗീയ ശീമയിലേയ്ക്കു പോകാനാണ് ഉദ്ദേശിക്കുന്നതെന്നും നിങ്ങളുടെ ശീമയിൽ വരുന്നില്ലെന്നും പറഞ്ഞു. പിന്നെയും രോഗവിവരങ്ങൾ ചോദിച്ചശേഷം തിരിച്ചുപോയി. സന്ധ്യയോടുകൂടി കെ. എം. ചെറിയാനും, പി. സി. ഏബ്രഹാമും കൂടി വന്നിരുന്നു. യൂലിയോസ് മെത്രാച്ചൻ വന്ന വിവരങ്ങൾ അറിയുന്നതിനും നാളത്തെ പത്രത്തിൽ എങ്ങനെയാണ് ചേർക്കേണ്ടതെന്നും മറ്റും ആലോചിക്കാനുമാണ് വന്നത്. എട്ടുമണിക്കു തിരിച്ചുപോയി.

5–3–1952. മാങ്ങാനം, കുണ്ടറ. രാവിലെ പരുമല നിന്നും കാരിക്കോട്ടെ കത്തനാർ വന്നിരുന്നു. പരുമലെ നിലങ്ങൾക്കു റിസീവറെ വച്ചതിലുള്ള ആക്ഷേപം നാളെ കൊടുക്കുന്നതാണെന്നു പറയുകയുണ്ടായി. ഉച്ചയോടുകൂടി തിരുവനന്തപുരത്തു കൊടുത്തിരുന്ന കേസിൽ ഇൻജക്ഷൻ തള്ളിയതായി വിധിയുണ്ടായി എന്ന് ഫോൺ വന്നതായി മണലിൽ അച്ചൻ കുറിച്ചു കൊടുത്തയച്ചു.

നാളെ നടക്കുന്ന കൊല്ലം ഭദ്രാസന മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി മൂന്നു മണിക്ക് കൊട്ടാരക്കരയ്ക്കു തിരിച്ചു. അഞ്ചു മണിക്ക് അവിടെ എത്തി. കോട്ടപ്പുറം സെമിനാരിയിൽ കയറി. പത്ത് അച്ചന്മാരോളം വന്നിരുന്നു. അവരുമായി ഒരു മണിക്കൂർ സംസാരിച്ചശേഷം ഇങ്ങോട്ടു തിരിച്ചു. ഏഴു മണിക്ക് ഇവിടെ എത്തി രാത്രി താമസിച്ചു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH


പുസ്തകം

# കാലം ആവശ്യപ്പെടുന്ന ചരിത്രത്തിന്റെ ഒരു പുനർവായന

## ഡെറിൻ രാജു

മലങ്കരസഭയ്ക്ക് മാർത്തോമ്മാ ശ്ലീഹാ മുതലുള്ള ഒരു സുദീർഘമായ ചരിത്രം നാം പറയുമ്പോഴും, ഈ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ നമ്മൾ പേരെടുത്ത് അവരുടെ സംഭാവനകളെ അനുസ്മരിക്കുന്നവരായി എത്ര പേരുണ്ട്? പ്രത്യേകിച്ച് കഴിഞ്ഞ ഒന്നര നൂറ്റാണ്ടുകാലത്തെ ചരിത്രം നമ്മൾ പറയുമ്പോൾ, അത് മിക്കവാറും മലങ്കര മെത്രാപ്പോലീത്താമാരിൽ മാത്രം കേന്ദ്രീകരിച്ചാണ് നാം വിശകലനം ചെയ്യാറുള്ളത്. എന്നാൽ സഭാജീവിതമെന്ന ആ മഹാനദിയിലേക്ക്, ആ അരയാലിന്റെ ശീതളിമയിലേക്ക് നമ്മെ നയിച്ച ഒട്ടനവധി പിതാക്കന്മാരുണ്ട്. സത്യവിശ്വാസപഠനങ്ങൾ പകർന്നു നൽകിയ വൈദികരുണ്ട്, പോരാട്ടം നയിച്ച അയ്മേനികളുണ്ട്. എല്ലാവരുടെയും പ്രയത്നങ്ങളുടെയും പോരാട്ടങ്ങളുടെയും ഫലമാണ്, ആകെത്തുകയാണ് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യവും നമ്മുടെ ഭരണക്രമീകരണവും. എന്നാൽ ഇവരിൽ ബഹുഭൂരിഭാഗവും എഴുതപ്പെട്ട ചരിത്രത്തിന്റെ പേനാമഷിയ്ക്കപ്പുറമാണ്. അവരെയോ അവരുടെ സംഭാവനകളെയോ അനുസ്മരിക്കുവാനുള്ള കാര്യമായ യാതൊരു ശ്രമവും നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്നില്ല. ഇങ്ങനെ മറ്റുള്ള അനവധിയാളുകളെ പോലെ കാലത്തിന്റെ കുത്തൊഴുക്കിൽ മറന്നുപോയ ഒരു പിതാവാണ് കൊച്ചി മെത്രാസനത്തിന്റെ ആദ്യ ഇടയനായ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസിയോസ്. ഔദ്യോഗിക ചരിത്ര നിർമ്മാണത്തിന്റെ രീതിശാസ്ത്രങ്ങളിൽ ഒഴിവാക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തുപോയ ആ പിതാവിന്റെ ജീവിതത്തെയും സംഭാവനകളെയും ലഭ്യമായ വിവരങ്ങൾ കോർത്തെടുത്ത് പൂരിപ്പിക്കുവാൻ ശ്രമിക്കുകയാണ് എന്റെ ആത്മ സുഹൃത്തും യുവ ചരിത്രഗവേഷകനുമായ പ്രിയപ്പെട്ട റ്റിബിൻ ചാക്കോ തേവർവേലിൽ, *കർമ്മധീരൻ: ഒരു ഇടയന്റെ ജീവിതം (ശെമവൂൻ മാർ ദീവന്നാസിയോസ്: ജീവിതരേഖകൾ)* എന്ന ഈ പുസ്തകത്തിലൂടെ. ഹ്രസ്വമെങ്കിലും ആമുഖ ജീവചരിത്രത്തിലൂടെ റ്റിബിൻ ശെമവൂൻ മാർ ദീവന്നാസിയോസിന്റെ ജീവിതത്തെ കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. പശ്ചാത്തല ക്രമീകരണം എന്ന നിലയിൽ നവീകരണദശാസന്ധി മുതൽ ആ ചരിത്രം നമുക്ക് വായിക്കാം. യൂയാക്കീം മാർ കൂറിലോസ് ശെമവൂൻ കത്തനാർക്ക് കോർ-എപ്പിസ്കോപ്പാ സ്ഥാനം നൽകിയത് 'അഴിച്ചു പട്ടംകൊട'യുടെ ഒരു നിലയിൽ തന്നെയായിരുന്നു. പരിശുദ്ധ പരുമല തിരുമേനി ഉൾപ്പെടെയുള്ളവർ കോർ-എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ആ നിലയിൽ തന്നെ മാർ ദീവന്നാസിയോസും ശെമവൂൻ കോറിയായി. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എത്തിയ സമയം മുതൽ അദ്ദേഹത്തിന്റെ ഒപ്പം ശെമവൂൻ കോറിയെയും ചരിത്രത്തിൽ കാണുന്നു. ആ സംഭവവികാസങ്ങളെ ശെമവൂൻ മാർ ദീവന്നാസിയോസ് രചിച്ച *കണ്ടനാട് ഗ്രന്ഥവരി*യെ തന്നെ മുൻനിർത്തി റ്റിബിൻ രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവനയായി പറയാവുന്നതും *കണ്ടനാട് ഗ്രന്ഥവരി*യെന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട അദ്ദേഹത്തിന്റെ നാളാഗമം തന്നെയാണല്ലോ. ഒമ്പതു വർഷത്തോളം മെത്രാപ്പോലീത്തായായിരുന്നിട്ടും അദ്ദേഹം മൂന്ന് പട്ടംകൊടകൾ മാത്രമേ നിർവഹിച്ചിട്ടുള്ളു എന്ന കണ്ടെത്തൽ തീർച്ചയായും കൂടുതൽ ഗവേഷണം ആവശ്യപ്പെടുന്ന വിഷയം തന്നെയാണ്. സമുദായത്തിലെ വിഭാഗീയതയാണോ അതിനു പിന്നിലെ കാരണമെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ഈ ആമുഖ ജീവചരിത്രത്തിനു ശേഷം നിരവധി പഠനങ്ങളാണ് ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നത്. റീശ് കോർ-എപ്പിസ്കോപ്പാ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിന്റെ ലേഖനം ചില പരമ്പരാഗത കാഴ്ചപ്പാടുകളെ ചോദ്യം ചെയ്യുന്നതാണ്. കൊച്ചി മെത്രാസനത്തിലേക്ക് അദ്ദേഹം




സ്വീകരിക്കപ്പെട്ടില്ലായെന്ന ചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് ഉൾപ്പെടെയുള്ളവരുടെ അഭിപ്രായത്തെ അദ്ദേഹം ഖണ്ഡിക്കുന്നുണ്ട്. രണ്ട് ദീവന്നാസിയോസുമാർ (പുലിക്കോട്ടിൽ മാർ ദീവന്നാസിയോസും ശെമവൂൻ മാർ ദീവന്നാസിയോസും) തമ്മിൽ നിലനിന്നിരുന്ന ശീതസമരത്തിന്റെ കാരണങ്ങൾ കണ്ടെത്താനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. ദിവാനെ വരെ ഈ തർക്കത്തിൽ ഇടപെടുത്തുവാൻ ശെമവൂൻ മാർ ദീവന്നാസിയോസ് ശ്രമിക്കുന്നുണ്ട്. ഈ വിഷയങ്ങൾ ഒന്നും ഔദ്യോഗിക ചരിത്രങ്ങളിൽ നമുക്ക് കണ്ടെത്താനാകില്ല. അത് പലപ്പോഴും പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ മെത്രാൻ സ്ഥാനം നൽകിയ വ്യക്തികളിൽ ഒരാളെന്ന നിലയിൽ മാത്രം മാർ ദീവന്നാസിയോസിനെ പരിഗണിച്ചു പോകാറു മാത്രമേ ഉള്ളു. കൊച്ചി മെത്രാസനത്തിലെ 21 പള്ളികളിൽ ഏഴ് പള്ളികളിൽ അദ്ദേഹം മെത്രാപ്പോലീത്താ എന്ന നിലയിൽ പ്രവർത്തിച്ചു എന്ന മല്പാനച്ചന്റെ അഭിപ്രായം നമ്മുടെ ചരിത്രപഠനത്തിൽ ഒരു പൊളിച്ചെഴുത്ത് ആവശ്യപ്പെടുന്നുണ്ട്. മാർ ദീവന്നാസിയോസിന്റെ ഏറ്റവും വലിയ സംഭാവനയായ നാളാഗമം 'കണ്ടനാട് ഗ്രന്ഥവരി'യെന്ന പേരിൽ എഡിറ്റു ചെയ്ത് പ്രസിദ്ധീകരിച്ച ഫാ. ഡോ. ജോസഫ് ചീരന്റെ ലേഖനം നാളാഗമത്തിന്റെ ചരിത്രപരമായ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. നിലനിന്നിരുന്ന പല ചരിത്രങ്ങളും തെറ്റാണെന്ന് അല്ലെങ്കിൽ അപൂർണമാണെന്ന് തെളിയിച്ച ഒരു രചനയാണ് ശെമവൂൻ മാർ ദീവന്നാസിയോസിന്റെ നാളാഗമം. എന്താണ് ആ ഗ്രന്ഥത്തിന്റെ സവിശേഷതയെന്ന് ചീരനച്ചൻ വ്യക്തമാക്കുന്നുണ്ട്. 'ഉള്ളടക്കത്തിൽ ഗ്രന്ഥകാരൻ ദീക്ഷിച്ച കൃത്യതയും സത്യസന്ധതയും പ്രസ്താവ്യമാണ്. കത്തുകൾ, കല്പനകൾ, കോടതിരേഖകൾ, പടിയോലകൾ, കമ്പിസന്ദേശങ്ങൾ എന്നിവയുടെ ശരിപ്പകർപ്പുകൾ ചേർത്ത് ഉള്ളടക്കത്തിന്റെ വിശ്വാസ്യത ഉറപ്പു വരുത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.'

'മാർ ശീമോൻ ദീവന്നാസ്യോസിന്റെ നാളാഗമം: മലങ്കരയുടെ ബ്രഹത് ചരിത്രം' എന്ന ലേഖനത്തിലൂടെ ഡോ. എം. കുര്യൻ തോമസ് നാളാഗമത്തിന്റെ സവിശേഷതകൾ വിശദമാക്കുന്നതിനൊപ്പം നിരണം ഗ്രന്ഥവരിയും മാർ

ദീവന്നാസിയോസിന്റെ നാളാഗമവും തമ്മിലുള്ള താരതമ്യപഠനവും നിർവഹിക്കുന്നു. കൊച്ചി ഭദ്രാസന രൂപീകരണമെന്ന ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴയുടെ ലേഖനം ഒരു കാലത്തിന്റെ വരച്ചു കാണിക്കലാണ്. കൊച്ചി മെത്രാസനത്തിന്റെ ഇടയൻ എന്ന നിലയിൽ മാർ ദീവന്നാസിയോസിന്റെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്ന ഷാജു വി. ചെറിയാന്റെ ലേഖനവും ശ്രദ്ധേയമാണ്. മാർ ദീവന്നാസിയോസിനെ പള്ളികൾ സ്വീകരിച്ചിരുന്നില്ല എന്ന വാദത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ വിശകലനങ്ങളോടെ ഈ ലേഖനത്തിൽ ചോദ്യം ചെയ്യുന്നു. 1880-കളിൽ എടുത്ത ഒരു ഗ്രൂപ്പ് ഫോട്ടോയെപ്പറ്റിയുള്ള പഠനമാണ് ശ്രീ. ലിന്റോ ഓണക്കൂർ തയ്യാറാക്കിയിരിക്കുന്നത്. ചിത്രത്തിലെ വ്യക്തികളെ സംബന്ധിച്ച് രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന രണ്ട് വ്യത്യസ്ത അഭിപ്രായങ്ങളെ അദ്ദേഹം അവതരിപ്പിക്കുന്നു. ഏത് അഭിപ്രായമാണ് കൂടുതൽ യുക്തിപരമെന്നത് വായനക്കാർക്ക് വിട്ടുകൊടുത്തിരിക്കുകയാണ് അദ്ദേഹം. എങ്കിലും അദ്ദേഹത്തിന്റേതായ ഒരു നിഗമനം കൂടി ഇതിൽ ഉൾപ്പെടുത്താമായിരുന്നു എന്നാണ് എന്റെ അഭിപ്രായം. ശെമവൂൻ മാർ ദീവന്നാസിയോസിന്റെ ജീവിതത്തെ ആകെ ഒന്നു വരച്ചു കാണിക്കുന്ന ഡോ. താരാ സൈമണിന്റെ ലേഖനവും ശ്രദ്ധേയമാണ്. ഈ പഠനങ്ങൾക്കു ശേഷം ശെമവൂൻ മാർ ദീവന്നാസിയോസിന്റെ സുസ്താത്തിക്കോൻ, പത്രോസ് പാത്രിയർക്കീസിന്റെ ചില കല്പനകൾ, ശെമവൂൻ മാർ ദീവന്നാസിയോസിന്റെ ഒരു കല്പന, മുളന്തുരുത്തി സുന്നഹദോസിനെക്കുറിച്ചും മലങ്കരയിലെ പ്രഥമ മൂറോൻ കൂദാശയെക്കുറിച്ചും അദ്ദേഹത്തിന്റെ ദൃക്സാക്ഷി വിവരണങ്ങൾ, റ്റിബിൻ തയ്യാറാക്കിയ ശെമവൂൻ ദീവന്നാസിയോസിന്റെ ജീവചരിത്ര നാൾവഴി എന്നിവയും ഉൾക്കൊള്ളിച്ചിരിക്കുന്നു.

ചരിത്രം പലപ്പോഴും ഏകപക്ഷീയമാണ്. ഒരു ഓട്ടമത്സരത്തിൽ ഒന്നാമത് എത്തിയവർ ആഘോഷിക്കപ്പെടുമ്പോൾ കൂടെ ഓടിയവർ മിക്കപ്പോഴും വിസ്മൃതിയിലാവുകയാണ് പതിവ്. സഭാചരിത്രത്തിലും വ്യത്യാസമില്ല. ഔദ്യോഗിക ചരിത്രനിർമ്മിതികൾക്കിടയിൽ മുഖം നഷ്ടപ്പെട്ടു പോകുന്ന, ശരിയായി വിലയിരുത്തപ്പെടാതെ പോകുന്ന അനവധി ആളുകൾ ഉണ്ട്. അങ്ങനെ വിസ്മരിക്കപ്പെട്ടു പോയ ഒരാളെ കണ്ടെത്തി, അദ്ദേഹത്തിന്റെ ജീവിതത്തെയും സംഭാവനകളെയും വിലയിരുത്താനുള്ള ഒരു ശ്രമമാണ് ശ്രീ. റ്റിബിൻ ചാക്കോ ഈ പുസ്തകത്തിലൂടെ നടത്തുന്നത്. അതിനായി അദ്ദേഹം എടുത്ത പ്രയത്നത്തെ തീർച്ചയായും അഭിനന്ദിക്കേണ്ടതുണ്ട്. ശെമവൂൻ മാർ ദീവന്നാസിയോസിന്റെ ജീവചരിത്രത്തിനൊപ്പം, കൊച്ചി മെത്രാസനത്തിന്റെ ഒരു ആരംഭചരിത്രം കൂടി ഈ പുസ്തകത്തിൽ നമുക്ക് കണ്ടെത്താൻ സാധിക്കും. ഇപ്രകാരമൊരു പുസ്തകം അനുവാചകലോകത്തേക്ക് അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. പലയിടങ്ങളിലായി കിടക്കുന്ന രേഖകളും പല കാലങ്ങളിൽ എഴുതപ്പെട്ട ലേഖനങ്ങളും കണ്ടെത്തി ഒരു പുസ്തകത്തിൽ അവതരിപ്പിക്കുവാൻ റ്റിബിനു സാധിച്ചിരിക്കുന്നു.

എപ്പോഴും പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്ന കോട്ടയം സോഫിയാ ബുക്സാണ് ഈ പുസ്തകത്തിന്റെ പ്രസാധകർ. സഭാചരിത്രകാരന്മാരായ ഫാ. ഡോ. ജോസഫ് ചീരൻ, ഡോ. എം. കുര്യൻ തോമസ്, സഖറിയാ ജേക്കബ് തുടങ്ങി ഈ ലേഖകൻ ഉൾപ്പെടെയുള്ള പലരുടെയും ആദ്യ പുസ്തകങ്ങൾ പുറത്തിറങ്ങിയത് സോഫിയാ ബുക്സിലൂടെ ആണ്. അതുകൊണ്ടു തന്നെ പുതിയ തലമുറയിലെ എഴുത്തുകാർക്ക് ശ്രീ. ജോയ്സ് തോട്ടയ്ക്കാടും അദ്ദേഹത്തിന്റെ സോഫിയാ ബുക്സും എത്ര മാത്രം പ്രോത്സാഹനം നൽകുന്നുണ്ടെന്ന് എനിക്ക് നേരിട്ടറിവുള്ളതാണ്. പുസ്തകത്തിന്റെ എഡിറ്റർക്കും പ്രസാധകനും ഒരിക്കൽകൂടി എല്ലാവിധമായ ആശംസകളും നേർന്നുകൊണ്ട് ഈ ലഘു ഗ്രന്ഥം വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

## കർമ്മധീരൻ: ഒരു ഇടയന്റെ ജീവിതം
## (ശെമവൂൻ മാർ ദീവന്നാസ്യോസ്: ജീവിതരേഖകൾ)

**റ്റിബിൻ ചാക്കോ തേവർവേലിൽ**

കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും രണ്ടാമത്തെ മലങ്കര സഭാചരിത്ര ഗ്രന്ഥമായ കണ്ടനാട് ഗ്രന്ഥവരിയുടെ രചയിതാവുമായ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ ജീവചരിത്രവും സംഭാവനകളും ഈ ഗ്രന്ഥത്തിൽ ചുരുൾ നിവരുന്നു.

**അവതാരിക: ഡെറിൻ രാജു**

**പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം**

**വില: 125 രൂപ**



# എംജിഎം ഹയർ സെക്കൻഡറി സ്കൂളിൽ ‘സ്മാർട്ട് കിഡ്സ് സോൺ’ ഉദ്ഘാടനം ചെയ്തു

ജഗ്ദൽപൂർ: എംജിഎം ഹയർ സെക്കൻഡറി സ്കൂൾ, ജഗ്ദൽപൂരിലെ നവീകരിച്ച നഴ്സറി വിഭാഗമായ എംജിഎം സ്മാർട്ട് കിഡ്സ് സോൺ അലക്സിയോസ് മാർ യൗസേബിയോസ് ഉദ്ഘാടനം ചെയ്തു.

കുട്ടികൾക്ക് ആധുനികവും സൗഹൃദപരവുമായ പഠനാന്തരീക്ഷം ഒരുക്കുക എന്ന ലക്ഷ്യത്തോടെ നവീകരിച്ച ഈ നഴ്സറി വിഭാഗം രൂപകൽപ്പന ചെയ്തിട്ടുണ്ട്. പ്രാഥമിക പഠനഘട്ടത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അനുഭവം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അവരുടെ സമഗ്ര വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. ഉദ്ഘാടന ചടങ്ങിൽ സ്കൂൾ വൈസ് പ്രസിഡന്റ് ഫാ. ലിജു കെ. പൊന്നച്ചൻ, ഡീക്കൻ ബിനു ബാബു, പ്രിൻസിപ്പൽ ഡോ. ജസ്റ്റസ് വി. ജോൺ, ലോക്കൽ വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ, രക്ഷിതാക്കൾ, ഇടവകാംഗങ്ങൾ എന്നിവർ പങ്കെടുത്തു.



**വൈഎംസിഎ തമിഴ്നാട് വെല്ലൂർ യെല്ലഗിരി പ്രോജക്ട് ഉപാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ഉമ്മൻ ജോൺ. പുന്നമൂട് വൈഎംസിഎ സ്ഥാപക സെക്രട്ടറിയാണ്. മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗമായും ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറർ ആയും MGOCSM അസോസിയേറ്റ് സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ് കേന്ദ്ര ട്രഷറർ ആയി പ്രവർത്തിച്ചു വരുന്നു**

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

# ഹന്നാ പ്രവാചകി



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)




**ബൈബിളിൽ** ദൈവവിശ്വാസത്തിന്റെയും പ്രാർത്ഥനാജീവിതത്തിന്റെയും അതുല്യ മാതൃകയായി പരിചയപ്പെടുന്ന വ്യക്തിയാണ് ആശേർ ഗോത്രത്തിൽപ്പെട്ട ഫനുവേലിന്റെ മകളായ ഹന്നാ പ്രവാചകി. ലൂക്കോസ് എഴുതിയ സുവിശേഷത്തിൽ പരാമർശിക്കപ്പെടുന്ന ഹന്നായുടെ ജീവിതം പൂർണ്ണമായും ദൈവസന്നിധിയോട് ചേർന്നതും ആത്മീയത നിറഞ്ഞതുമായിരുന്നു. ലൗകീകമായ സന്തോഷങ്ങളേക്കാൾ ദൈവസ്നേഹത്തിനും ആരാധനയ്ക്കും കൂടുതൽ പ്രാധാന്യം നൽകിയ ഒരു വിശുദ്ധ സ്ത്രീയായിരുന്നു അവൾ. ചെറുപ്പത്തിൽ വിവാഹിതയായെങ്കിലും വളരെ കുറച്ച് കാലം മാത്രമാണ് അവൾക്ക് ഭർത്താവിനോടൊപ്പം ജീവിക്കാൻ സാധിച്ചത്. തുടർന്ന് നീണ്ട വർഷങ്ങൾ അവൾ വിധവയായി ജീവിച്ചു. എന്നാൽ ആ ഏകാന്തതയും ദുഃഖവും അവളെ ദൈവത്തിൽ നിന്ന് അകറ്റിയില്ല; മറിച്ച് ദൈവത്തോട് കൂടുതൽ അടുപ്പിക്കുകയായിരുന്നു.

ഹന്നായുടെ ജീവിതത്തിലെ ഏറ്റവും വലിയ പ്രത്യേകത അവളുടെ സ്ഥിരമായ പ്രാർത്ഥനയും ഉപവാസവുമായിരുന്നു. പ്രായമായിട്ടും അവൾ ദൈവാലയത്തിൽ നിന്ന് അകന്നുനിന്നില്ല. രാവും പകലും ദൈവത്തെ ആരാധിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും അവൾ സമയം ചെലവഴിച്ചു. അവളുടെ ഹൃദയം ദൈവത്തിൽ പൂർണ്ണമായി സമർപ്പിക്കപ്പെട്ടിരുന്നതിനാൽ ദൈവാത്മാവിന്റെ വഴികാട്ടൽ അവൾക്ക് വ്യക്തമായി ലഭിച്ചിരുന്നു. അതുകൊണ്ടുതന്നെ ശിശുവായ യേശുവിനെ ദൈവാലയത്തിൽ കൊണ്ടുവന്നപ്പോൾ, അവൻ സാധാരണ ശിശുവല്ലെന്നും ലോകത്തിന്റെ രക്ഷകനാണെന്നും ഹന്നാ തിരിച്ചറിഞ്ഞു. ഈ ആത്മീയ തിരിച്ചറിവ് അവളുടെ വിശുദ്ധിയും ദൈവസാന്നിധ്യത്തിൽ ജീവിച്ച ജീവിതവും വ്യക്തമാക്കുന്നതാണ്.

ഹന്നാ പ്രവാചകിയുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്കും വലിയ പ്രചോദനമാണ് നൽകുന്നത്. പ്രായം കൂടിയാലും ദൈവവിശ്വാസത്തിലും പ്രാർത്ഥനയിലും ഒരിക്കലും പിന്നോട്ടുപോകരുത് എന്ന സന്ദേശമാണ് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. ജീവിതത്തിൽ കഷ്ടതകളും ഏകാന്തതയും ഉണ്ടായാലും ദൈവത്തിൽ പ്രത്യാശ വച്ച് ജീവിക്കുമ്പോൾ ആത്മീയ സന്തോഷവും സമാധാനവും ലഭിക്കുമെന്ന് ഹന്നായുടെ ജീവിതം തെളിയിക്കുന്നു. വിശ്വാസം, സഹനം, ആത്മീയ ജാഗ്രത, ദൈവസ്നേഹം എന്നീ ഗുണങ്ങളാൽ സമ്പന്നയായ ഹന്നാ പ്രവാചകി ഇന്നും ക്രൈസ്തവ വിശ്വാസജീവിതത്തിലെ ഒരു മഹത്തായ മാതൃകയായി നിലകൊള്ളുന്നു.

**1. ദൈവഭക്തിയുള്ള സ്ത്രീ**

ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്നാ പ്രവാചകി ദൈവഭക്തിയുടെയും ആത്മീയ സമർപ്പണത്തിന്റെയും മനോഹര മാതൃകയായിരുന്നു. അവളുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു ദൈവമായിരുന്നു. ലോകത്തിലെ താൽക്കാലിക സന്തോഷങ്ങളെയോ സമ്പത്തിനെയോ മഹത്വത്തെയോ അവൾ പ്രധാന്യമർഹിക്കുന്നതായിട്ട് കണ്ടില്ല; പകരം ദൈവത്തെ സ്നേഹിക്കുകയും ദൈവഹിതപ്രകാരം ജീവിക്കുകയും ചെയ്യുന്നതായിരുന്നു അവളുടെ ഏറ്റവും വലിയ ആഗ്രഹം. അവളുടെ ചിന്തകളും പ്രവർത്തികളും ജീവിതരീതിയും എല്ലാം ദൈവസന്നിധിയോട് ചേർന്നതായിരുന്നു.

ഹന്നായുടെ ജീവിതത്തിൽ ഒരുപാട് ദുഃഖങ്ങളും പരീക്ഷണങ്ങളും ഉണ്ടായിരുന്നുവെന്ന് ബൈബിൾ സൂചിപ്പിക്കുന്നു. ചെറുപ്പത്തിൽ തന്നെ വിധവയായ അവൾക്ക് ജീവിതത്തിൽ ഏകാന്തതയും മാനസിക വേദനകളും അനുഭവിക്കേണ്ടി വന്നു. എന്നാൽ ആ ദുഃഖങ്ങൾ അവളെ തളർത്തിയില്ല. പലരും കഷ്ടതകൾ വരുമ്പോൾ ദൈവത്തിൽ നിന്ന് അകന്നുപോകുമ്പോൾ, ഹന്നാ കൂടുതൽ ദൈവസന്നിധിയിലേക്ക് അടുക്കുകയായിരുന്നു. തന്റെ ജീവിതത്തിലെ എല്ലാ വേദനകളും ദൈവത്തിന്റെ കയ്യിൽ സമർപ്പിച്ച് അവൾ വിശ്വാസത്തോടെ മുന്നോട്ട് പോയി.

ദൈവാലയത്തോടും ആരാധനയോടും ഹന്നായ്ക്ക് പ്രത്യേക സ്നേഹമുണ്ടായിരുന്നു. അവൾ ദൈവാലയത്തിൽ സ്ഥിരമായി സമയം ചെലവഴിച്ചു. പ്രാർത്ഥനയിലും ഉപവാസത്തിലും ആരാധനയിലും അവൾ തന്റെ ജീവിതം സമർപ്പിച്ചു. ദൈവത്തെ സേവിക്കുന്നത് ഒരു കടമ മാത്രമല്ല, മറിച്ച് തന്റെ ജീവിതത്തിന്റെ അർത്ഥവും സന്തോഷവുമാണെന്ന് അവൾ വിശ്വസിച്ചു. അതുകൊണ്ടുതന്നെ വാർധക്യത്തിലും അവൾ ആത്മീയജീവിതത്തിൽ മന്ദത കാണിച്ചില്ല.

ഹന്നായുടെ ദൈവഭക്തി വെറും പുറംചടങ്ങുകളിലോ ആചാരങ്ങളിലോ ഒതുങ്ങിയതല്ലായിരുന്നു; അത് ഹൃദയത്തിൽ നിന്നുള്ള സത്യസന്ധമായ വിശ്വാസമായിരുന്നു. ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ച അവളുടെ ജീവിതം ആത്മീയ ശക്തിയാൽ നിറഞ്ഞിരുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ അവൾ പ്രത്യാശ വച്ച് ജീവിച്ചു. അതുകൊണ്ടുതന്നെ ദൈവാത്മാവിന്റെ പ്രചോദനത്തിലൂടെ ശിശുവായ യേശുവിനെ ലോകത്തിന്റെ രക്ഷകനായി തിരിച്ചറിയാൻ അവൾക്ക് കഴിഞ്ഞു.

ജീവിതത്തിൽ എത്ര പ്രയാസങ്ങളും നിരാശകളും ഉണ്ടായാലും ദൈവത്തിൽ ഉറച്ചുനിൽക്കണം എന്നതാണ് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. ദൈവ

ഭക്തിയോടെയും സമർപ്പണത്തോടെയും ജീവിക്കുന്നവർക്ക് ആത്മീയ സമാധാനവും ദൈവാനുഗ്രഹവും ലഭിക്കുമെന്ന് ഹന്നാ പ്രവാചകിയുടെ ജീവിതം വ്യക്തമായി കാണിച്ചുതരുന്നു.

**2. പ്രാർത്ഥനയും ഉപവാസവും നിറഞ്ഞ ജീവിതം**

ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്നാ പ്രവാചകിയുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ സവിശേഷതകളിൽ ഒന്നായിരുന്നു അവളുടെ ആഴമുള്ള പ്രാർത്ഥനാജീവിതവും ഉപവാസാനുഷ്ഠാനവും. ദൈവസന്നിധിയിൽ ജീവിക്കുക എന്നതായിരുന്നു അവളുടെ ജീവിതത്തിന്റെ പ്രധാന ലക്ഷ്യം. അതുകൊണ്ടുതന്നെ അവൾ തന്റെ ദിവസങ്ങൾ ദൈവാലയത്തിൽ ചെലവഴിച്ചുകൊണ്ട് പ്രാർത്ഥനയിലും ആരാധനയിലും മുഴുകിയിരുന്നു. ബൈബിൾ വ്യക്തമാക്കുന്നതുപോലെ, രാവും പകലും ദൈവത്തെ സേവിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും ജീവിച്ച വിശുദ്ധ സ്ത്രീയായിരുന്നു ഹന്നാ.

ജീവിതത്തിലെ ദുഃഖങ്ങളും ഏകാന്തതയും ഹന്നായെ ദൈവത്തിൽ നിന്ന് അകറ്റിയില്ല. മറിച്ച് അവയെല്ലാം അവളെ കൂടുതൽ പ്രാർത്ഥനയിലേക്ക് നയിച്ചു. മനുഷ്യസഹായങ്ങളെക്കാൾ ദൈവത്തിന്റെ കരുണയിലും സാന്നിധ്യത്തിലുമാണ് യഥാർത്ഥ ആശ്വാസമെന്ന് അവൾ തിരിച്ചറിഞ്ഞിരുന്നു. അതിനാൽ തന്റെ എല്ലാ വേദനകളും പ്രതീക്ഷകളും അവൾ ദൈവസന്നിധിയിൽ സമർപ്പിച്ചു. പ്രാർത്ഥനയിലൂടെ ദൈവത്തോട് അടുത്ത ബന്ധം സ്ഥാപിച്ച അവൾ ആത്മീയ സമാധാനവും ശക്തിയും സ്വന്തമാക്കി.

ഹന്നായുടെ ഉപവാസജീവിതവും വളരെ മാതൃകാപരമായിരുന്നു. ഉപവാസം വെറും ആഹാരം ഒഴിവാക്കൽ മാത്രമല്ല, മറിച്ച് മനസ്സിനെയും ഹൃദയത്തെയും ദൈവത്തിലേക്ക് ഉയർത്തുന്ന ആത്മീയപരിശീലനമാണെന്ന് അവളുടെ ജീവിതം കാണിച്ചുതരുന്നു. ദൈവത്തോടുള്ള സ്നേഹവും സമർപ്പണവും കൂടുതൽ ആഴത്തിലാക്കുന്നതിനായി അവൾ ഉപവാസം അനുഷ്ഠിച്ചു. ഉപവാസവും പ്രാർത്ഥനയും ഒരുമിച്ച് ചേർന്നപ്പോൾ അവളുടെ ആത്മീയജീവിതം കൂടുതൽ ശക്തമായി.

ദൈവാലയത്തോടുള്ള അവളുടെ ആത്മബന്ധവും വളരെ ആഴമുള്ളതായിരുന്നു. ദൈവസാന്നിധ്യം അനുഭവിക്കാൻ കഴിയുന്ന വിശുദ്ധ സ്ഥലമായി അവൾ ദൈവാലയത്തെ കണ്ടു. അതുകൊണ്ടുതന്നെ വാർധക്യത്തിലും അവൾ ദൈവാലയത്തിൽ നിന്ന് അകന്നില്ല. പ്രായത്തിന്റെ ബുദ്ധിമുട്ടുകളോ ശാരീരിക ക്ഷീണമോ അവളുടെ ആത്മീയജീവിതത്തെ ബാധിച്ചില്ല. ദൈവത്തെ ആരാധിക്കുന്നതിലായിരുന്നു അവളുടെ സന്തോഷവും സമാധാനവും.

ഹന്നായുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്കും വലിയ ആത്മീയപാഠമാണ് നൽകുന്നത്. പ്രാർത്ഥന മനുഷ്യനെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുന്നുവെന്നും ഉപവാസം ആത്മീയജീവിതത്തെ ശക്തിപ്പെടുത്തുന്നുവെന്നും അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ലോകത്തിന്റെ തിരക്കുകളിലും പ്രശ്നങ്ങളിലുമുള്ള മനുഷ്യർ ദൈവസന്നിധിയിൽ സമയം ചെലവഴിക്കുമ്പോഴാണ് യഥാർത്ഥ സമാധാനവും ആത്മീയ സന്തോഷവും ലഭിക്കുന്നത് എന്ന സത്യവും ഹന്നാ പ്രവാചകിയുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**3. ക്ഷമയും സഹനവും**

ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്നാ പ്രവാചകിയുടെ ജീവിതം ക്ഷമയുടെയും സഹനത്തിന്റെയും വിശ്വാസത്തിന്റെയും മഹത്തായ മാതൃകയായിരുന്നു. ചെറുപ്പത്തിൽ വിവാഹിതയായ ഹന്നാ വളരെ കുറച്ച് വർഷങ്ങൾ മാത്രമാണ് ഭർത്താവിനോടൊപ്പം ജീവിച്ചത്. പിന്നീട് ഭർത്താവ് മരിച്ചതോടെ നീണ്ട വർഷങ്ങൾ അവൾ വിധവയായി ജീവിക്കേണ്ടി വന്നു. ആ കാലഘട്ടത്തിലെ സമൂഹത്തിൽ വിധവാജീവിതം വളരെ ബുദ്ധിമുട്ടുകളും വേദനകളും നിറഞ്ഞതായിരുന്നു. എന്നിരുന്നാലും ആ കഷ്ടതകൾ അവളുടെ മനസ്സിനെ തകർത്തില്ല.

സാധാരണയായി മനുഷ്യർ ദുഃഖങ്ങളും നഷ്ടങ്ങളും നേരിടുമ്പോൾ നിരാശയിലേക്കും ഏകാന്തതയിലേക്കും വീഴാറുണ്ട്. എന്നാൽ ഹന്നായുടെ ജീവിതം അതിൽ നിന്ന് വ്യത്യസ്തമായിരുന്നു. അവൾ തന്റെ വേദനകളെ ദൈവസന്നിധിയിൽ സമർപ്പിച്ചു. മനുഷ്യരുടെ ആശ്വാസങ്ങളെക്കാൾ ദൈവത്തിന്റെ കരുണയിലും സാന്നിധ്യത്തിലുമാണ് യഥാർത്ഥ ശക്തിയെന്ന് അവൾ വിശ്വസിച്ചു. അതുകൊണ്ടുതന്നെ ജീവിതത്തിലെ പ്രയാസങ്ങൾക്കിടയിലും അവൾ



ദൈവത്തിൽ നിന്ന് അകന്നില്ല; മറിച്ച് കൂടുതൽ ദൈവത്തോട് അടുക്കുകയായിരുന്നു.

ഹന്നായുടെ സഹനം വെറും കഷ്ടത സഹിക്കുന്നതിലൊതുങ്ങിയതല്ലായിരുന്നു. ദൈവത്തിന്റെ സമയത്തിനായി ക്ഷമയോടെ കാത്തിരിക്കാനുള്ള മനോഭാവവും അവൾക്കുണ്ടായിരുന്നു. ദൈവം തന്റെ ജീവിതത്തെ നയിക്കുന്നുവെന്നും അവിടുത്തെ പദ്ധതികൾ എല്ലായ്പ്പോഴും നന്മയ്ക്കായിട്ടാണെന്നും അവൾ ഉറച്ച വിശ്വാസം പുലർത്തി. അതുകൊണ്ടുതന്നെ വർഷങ്ങളോളം ദൈവാലയത്തിൽ പ്രാർത്ഥനയിലും ഉപവാസത്തിലും ജീവിച്ചുകൊണ്ട് അവൾ പ്രത്യാശയോടെ കാത്തിരുന്നു.

അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹ നിമിഷം ശിശുവായ യേശുവിനെ കാണാൻ കഴിഞ്ഞ സമയമായിരുന്നു. വർഷങ്ങളായുള്ള വിശ്വാസത്തിനും സഹനത്തിനും ദൈവം നൽകിയ മറുപടിപോലെയായിരുന്നു അത്. യേശുവിനെ കണ്ടപ്പോൾ അവൾ അവനെ ലോകത്തിന്റെ രക്ഷകനായി തിരിച്ചറിഞ്ഞു. ദൈവത്തിൽ വിശ്വസിച്ച് ക്ഷമയോടെ കാത്തിരിക്കുന്നവരെ ദൈവം ഒരിക്കലും ഉപേക്ഷിക്കില്ല എന്ന സത്യം ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

ഹന്നായുടെ ജീവിതം ഇന്നത്തെ മനുഷ്യർക്കും വലിയ പ്രചോദനമാണ് നൽകുന്നത്. ജീവിതത്തിൽ ദുഃഖങ്ങളും നഷ്ടങ്ങളും പ്രതിസന്ധികളും ഉണ്ടായാലും നിരാശപ്പെടാതെ ദൈവത്തിൽ പ്രത്യാശ വയ്ക്കണം എന്നതാണ് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. സഹനവും ക്ഷമയും ഉള്ള വിശ്വാസജീവിതം മനുഷ്യനെ ആത്മീയമായി ശക്തനാക്കുന്നു. ദൈവത്തിൽ ഉറച്ചുനിൽക്കുന്നവർക്ക് അവസാനം സമാധാനവും അനുഗ്രഹവും ലഭിക്കുമെന്ന മഹത്തായ സന്ദേശമാണ് ഹന്നാ പ്രവാചകിയുടെ ജീവിതം നൽകുന്നത്.

**4. യേശുവിനെ തിരിച്ചറിഞ്ഞ പ്രവാചകി**

ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്നാ പ്രവാചകിയുടെ ജീവിതത്തിലെ ഏറ്റവും മഹത്തായ അനുഗ്രഹ നിമിഷം ശിശുവായ യേശുവിനെ ദൈവാലയത്തിൽ കണ്ടുമുട്ടിയ സംഭവമായിരുന്നു. മറിയവും യോസേപ്പും യഹൂദ ആചാരപ്രകാരം ശിശുവായ യേശുവിനെ ദൈവാലയത്തിലേക്ക് കൊണ്ടുവന്നപ്പോൾ, അവിടെ പ്രാർത്ഥനയിലും ആരാധനയിലും മുഴുകിക്കൊണ്ടിരുന്ന ഹന്നായ്ക്ക് അവനെ കാണുവാൻ ഭാഗ്യം ലഭിച്ചു. പുറമേ നോക്കുമ്പോൾ സാധാരണ ശിശുവായി തോന്നിയിരുന്നെങ്കിലും, ദൈവാത്മാവിന്റെ പ്രകാശത്താൽ ഹന്നാ അവൻ ലോകത്തിന്റെ രക്ഷകനാണെന്ന് തിരിച്ചറിഞ്ഞു. അവളുടെ ആഴ

മുള്ള ആത്മീയജീവിതവും ദൈവസന്നിധിയിൽ ചെലവഴിച്ച വർഷങ്ങളും അവൾക്ക് ഈ മഹത്തായ തിരിച്ചറിവ് നൽകാൻ സഹായിച്ചു.

ഹന്നാ വെറും ഭൗതിക കണ്ണുകളാൽ മാത്രമല്ല യേശുവിനെ കണ്ടത്; വിശ്വാസത്തിന്റെ കണ്ണുകളാലും ആത്മീയ ബോധത്താലുമാണ് അവൾ അവനെ തിരിച്ചറിഞ്ഞത്. ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറവേറുന്ന സമയമാണിതെന്ന് അവൾ മനസ്സിലാക്കി. വർഷങ്ങളായി ഇസ്രായേൽ ജനങ്ങൾ കാത്തിരുന്ന രക്ഷകൻ ലോകത്തിലേക്ക് വന്നിരിക്കുന്നു എന്ന സന്തോഷം അവളുടെ ഹൃദയത്തെ നിറച്ചു. അതുകൊണ്ടുതന്നെ അവൾ ദൈവത്തെ സ്തുതിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്തു.

യേശുവിനെ കണ്ടുമുട്ടിയ സന്തോഷം ഹന്നാ തന്റെ ഹൃദയത്തിൽ മാത്രം ഒതുക്കിവെച്ചില്ല. ദൈവത്തിന്റെ മോചനത്തിനായി കാത്തിരുന്ന എല്ലാവരോടും അവൾ യേശുവിനെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. ലോകത്തിന്റെ രക്ഷകൻ വന്നിരിക്കുന്നു എന്ന സന്തോഷവാർത്ത അവൾ മറ്റുള്ളവരുമായി പങ്കുവെച്ചു. ഇതിലൂടെ ഹന്നാ ഒരു യഥാർത്ഥ പ്രവാചകിയുടെ ദൗത്യം നിറവേറ്റുകയായിരുന്നു. ദൈവം വെളിപ്പെടുത്തിയ സത്യം മറ്റുള്ളവരിലേക്ക് അറിയിക്കുന്നതായിരുന്നു അവളുടെ സേവനം.

ഹന്നായുടെ ഈ ആത്മീയ തിരിച്ചറിവ് അവളുടെ വിശുദ്ധിയും ദൈവസ്നേഹവും എത്ര ആഴമുള്ളതാണെന്ന് വ്യക്തമാക്കുന്നു. ദൈവസന്നിധിയിൽ ജീവിക്കുകയും പ്രാർത്ഥനയിൽ സ്ഥിരത പുലർത്തുകയും ചെയ്തതിനാൽ ദൈവാത്മാവിന്റെ വഴികാട്ടൽ അവൾക്ക് വ്യക്തമായി ലഭിച്ചു. അതുകൊണ്ടുതന്നെ അനേകർ തിരിച്ചറിയാതെ പോയ സത്യത്തെ അവൾ തിരിച്ചറിഞ്ഞു. ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ചവർക്ക് ആത്മീയ ജ്ഞാനവും വിവേകവും ലഭിക്കുമെന്ന് ഹന്നായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ഇന്നത്തെ വിശ്വാസികൾക്കും ഹന്നാ പ്രവാചകിയുടെ ജീവിതം വലിയ സന്ദേശമാണ് നൽകുന്നത്.

ആത്മീയ ജാഗ്രതയോടെയും വിശ്വാസത്തോടെയും ജീവിക്കുമ്പോൾ ദൈവത്തിന്റെ വഴികാട്ടൽ ലഭിക്കുമെന്നും ദൈവസന്നിധിയിൽ ജീവിക്കുന്നവർക്ക് ദൈവത്തിന്റെ പ്രവർത്തനങ്ങൾ തിരിച്ചറിയാൻ കഴിയുമെന്നും ഹന്നാ പ്രവാചകിയുടെ ജീവിതം വ്യക്തമായി കാണിച്ചുതരുന്നു.

**5. വിശ്വാസികളുടെ മാതൃക**

ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്നാ പ്രവാചകിയുടെ ജീവിതം എല്ലാ കാലത്തുമുള്ള വിശ്വാസികൾക്കും മഹത്തായ മാതൃകയാണ്. ദൈവവിശ്വാസം, പ്രാർത്ഥന, സഹനം, ആത്മീയ ജാഗ്രത എന്നീ ഗുണങ്ങൾ നിറഞ്ഞ അവളുടെ ജീവിതം ഇന്നത്തെ മനുഷ്യർക്കും വലിയ ആത്മീയ സന്ദേശമാണ് നൽകുന്നത്. ലോകത്തിന്റെ തിരക്കുകളിലും പ്രലോഭനങ്ങളിലും ആത്മീയജീവിതം പലപ്പോഴും ക്ഷയിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ, ഹന്നായുടെ ജീവിതം ദൈവത്തിൽ ഉറച്ചുനിൽക്കാനുള്ള പ്രചോദനമായി മാറുന്നു.

ഹന്നായുടെ ജീവിതത്തിൽ നിന്നു നമ്മൾ ആദ്യം പഠിക്കുന്നത് പ്രായം കൂടിയാലും ദൈവവിശ്വാസം ക്ഷയിക്കരുത് എന്ന സത്യമാണ്. വാർധക്യത്തിലും അവൾ ദൈവാലയത്തിൽ നിന്ന് അകന്നില്ല. ശരീരത്തിന്റെ ബലഹീനതകളും ജീവിതത്തിലെ ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നെങ്കിലും അവളുടെ വിശ്വാസം തളർന്നില്ല. പ്രായം മനുഷ്യന്റെ ശരീരത്തെ ബാധിക്കാമെങ്കിലും ദൈവസ്നേഹവും ആത്മീയ ആവേശവും കുറയേണ്ടതില്ലെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ജീവിക്കേണ്ടതിന്റെ ആവശ്യകത ഹന്നാ വ്യക്തമായി കാണിച്ചുതരുന്നു.

ഭർത്താവിന്റെ വേർപാടും ഏകാന്തതയും ദുഃഖങ്ങളും ഉണ്ടായിട്ടും അവൾ നിരാശയ്ക്ക് കീഴടങ്ങിയില്ല. ദൈവം തന്റെ ജീവിതത്തെ നയിക്കുന്നുവെന്നും അവിടുത്തെ കരുണ ഒരിക്കലും അവസാനിക്കില്ലെന്നും അവൾ വിശ്വസിച്ചു. ഈ പ്രത്യാശ തന്നെയാണ് അവളെ ദൈവസന്നിധിയിൽ ഉറച്ചുനിൽക്കാൻ സഹായിച്ചത്. അവസാനം ശിശുവായ യേശുവിനെ കാണാനുള്ള മഹത്തായ അനുഗ്രഹം അവൾക്ക് ലഭിക്കുകയും ചെയ്തു. അതിലൂടെ ദൈവത്തിൽ പ്രത്യാശ വയ്ക്കുന്നവരെ ദൈവം അനുഗ്രഹിക്കുമെന്ന സത്യം അവളുടെ ജീവിതം തെളിയിക്കുന്നു.

**ഹന്നായുടെ ജീവിതം പ്രാർത്ഥനയുടെ ശക്തി നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു. രാവും പകലും ദൈവാലയത്തിൽ ചെലവഴിച്ച് ഉപവാസത്തിലും ആരാധനയിലും ജീവിച്ച അവൾ, ദൈവവുമായി ആഴമുള്ള ആത്മബന്ധം സ്ഥാപിച്ചു. ഈ ആത്മീയജീവിതമാണ് അവൾക്ക് ദൈവാത്മാവിന്റെ വഴികാട്ടൽ ലഭിക്കാനും ശിശുവായ യേശുവിനെ ലോകത്തിന്റെ രക്ഷകനായി തിരിച്ചറിയാനും സഹായിച്ചത്.**

ഹന്നായുടെ ആത്മീയജീവിതം ഇന്നത്തെ വിശ്വാസികൾക്ക് ഒരു ദിശാബോധമാണ്. പ്രാർത്ഥനയും ഉപവാസവും ദൈവസന്നിധിയിൽ ചെലവഴിക്കുന്ന സമയവും മനുഷ്യനെ ആത്മീയമായി ശക്തനാക്കുന്നുവെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ലോകത്തിന്റെ കാര്യങ്ങളിൽ മാത്രം മുഴുകാതെ ദൈവത്തിനും ആത്മീയജീവിതത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകതയും അവൾ ഓർമ്മിപ്പിക്കുന്നു.

കൂടാതെ, ദൈവത്തിന്റെ പ്രവർത്തനങ്ങളെ തിരിച്ചറിയാൻ ആത്മീയ ജാഗ്രത ആവശ്യമാണ് എന്ന പാഠവും ഹന്നായുടെ ജീവിതത്തിൽ നിന്ന് ലഭിക്കുന്നു. പലരും സാധാരണ ശിശുവായി കണ്ട യേശുവിനെ ലോകത്തിന്റെ രക്ഷകനായി തിരിച്ചറിയാൻ ഹന്നായ്ക്ക് കഴിഞ്ഞതിന്റെ കാരണം അവളുടെ വിശുദ്ധിയും ദൈവബന്ധവും തന്നെയായിരുന്നു. ദൈവത്തോട് അടുക്കുന്ന ജീവിതം മനുഷ്യന് ആത്മീയ വിവേകവും ദൈവിക തിരിച്ചറിവും നൽകുമെന്ന് ഇത് വ്യക്തമാക്കുന്നു.

ഇന്നത്തെ കുടുംബജീവിതത്തിലും സഭാജീവിതത്തിലും വ്യക്തിജീവിതത്തിലും ഹന്നാ പ്രവാചകിയുടെ ജീവിതം വലിയ പ്രചോദനമാണ്. വിശ്വാസത്തിൽ സ്ഥിരത പുലർത്തുകയും ദൈവത്തിൽ പ്രത്യാശ വയ്ക്കുകയും ചെയ്യുന്നവർക്ക് ആത്മീയ സമാധാനവും ദൈവാനുഗ്രഹവും ലഭിക്കുമെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഹന്നാ പ്രവാചകി എല്ലാ വിശ്വാസികൾക്കും അനുഗമിക്കാവുന്ന ഒരു മഹത്തായ ആത്മീയ മാതൃകയായി ഇന്നും നിലകൊള്ളുന്നു.

ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്നാ പ്രവാചകിയുടെ ജീവിതം വിശ്വാസവും പ്രാർത്ഥനയും സഹനവും ആത്മീയ സമർപ്പണവും നിറഞ്ഞ മഹത്തായ സാക്ഷ്യമാണ്. ദൈവസ്നേഹത്തെ ജീവിതത്തിന്റെ ഏറ്റവും വലിയ സമ്പത്തായി കണക്കാക്കിയ അവൾ ലൗകീക കാര്യങ്ങളെക്കാൾ ദൈവസന്നിധിയിൽ ജീവിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകിയത്. ജീവിതത്തിൽ ഒറ്റപ്പെടലും ദുഃഖങ്ങളും ഉണ്ടായിട്ടും അവൾ ഒരിക്കലും ദൈവത്തിൽ നിന്നു അകന്നു പോയില്ല. മറിച്ച് ഓരോ പരീക്ഷണങ്ങളെയും അവൾ ദൈവത്തോട് കൂടുതൽ അടുക്കാനുള്ള അവസരങ്ങളാക്കി മാറ്റി.

ഹന്നായുടെ ജീവിതം പ്രാർത്ഥനയുടെ ശക്തി നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു. രാവും പകലും ദൈവാലയത്തിൽ ചെലവഴിച്ച് ഉപവാസത്തിലും ആരാധനയിലും ജീവിച്ച അവൾ, ദൈവവുമായി ആഴമുള്ള ആത്മബന്ധം സ്ഥാപിച്ചു. ഈ ആത്മീയജീവിതമാണ് അവൾക്ക് ദൈവാത്മാവിന്റെ വഴികാട്ടൽ ലഭിക്കാനും ശിശുവായ യേശുവിനെ ലോകത്തിന്റെ രക്ഷകനായി തിരിച്ചറിയാനും സഹായിച്ചത്. പലരും സാധാരണ ശിശുവായി കണ്ട യേശുവിൽ രക്ഷകനെ തിരിച്ചറിയാൻ ഹന്നായ്ക്ക് കഴിഞ്ഞത് അവളുടെ വിശ്വാസത്തിന്റെ ആഴവും ആത്മീയ ജാഗ്രതയും വ്യക്തമാക്കുന്നു.

ഹന്നാ പ്രവാചകിയുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്കും വലിയ പ്രചോദനമാണ് നൽകുന്നത്. പ്രായം കൂടിയാലും ദൈവവിശ്വാസത്തിൽ സ്ഥിരത പുലർത്തണം, ജീവിതത്തിലെ കഷ്ടതകളിൽ നിരാശപ്പെടാതെ ദൈവത്തിൽ പ്രത്യാശ വെക്കണം, പ്രാർത്ഥനയിലും വിശ്വാസത്തിലും ഉറച്ചുനിൽക്കണം എന്ന മഹത്തായ സന്ദേശമാണ് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. ലോകത്തിന്റെ തിരക്കുകളും പ്രശ്നങ്ങളും മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുന്ന ഈ കാലഘട്ടത്തിൽ, ഹന്നായുടെ ആത്മീയജീവിതം വിശ്വാസികൾക്ക് ശരിയായ വഴികാട്ടലായി മാറുന്നു.

ഇന്നും ഹന്നാ പ്രവാചകിയുടെ ജീവിതം വിശ്വാസികളുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. ദൈവസ്നേഹത്തിലും പ്രാർത്ഥനയിലും വിശ്വാസത്തിലും സ്ഥിരത പുലർത്തി ജീവിക്കുമ്പോൾ ജീവിതം അനുഗ്രഹീതമാകുമെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ ഹന്നാ പ്രവാചകിയുടെ വിശുദ്ധജീവിതം നമ്മെയും ദൈവത്തോട് കൂടുതൽ അടുക്കാനും ആത്മീയമായി വളരാനും പ്രചോദിപ്പിക്കുന്ന അമൂല്യ മാതൃകയായി എന്നും നിലനിൽക്കുന്നു.


വചനതീർത്ഥം

# പെന്തിക്കോസ്തിക്ക് ശേഷം അഞ്ചാം ഞായർ

## (വി. മർക്കോസ് 9:33-41)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



ശിഷ്യന്മാരുടെ നിസ്സഹായതയെക്കുറിച്ച് കർത്താവിന് ഒരു പരാതി ലഭിക്കുകയാണ്. കർത്താവിൻറെ തേജസ്കരണത്തിനു ശേഷം മലയിൽ നിന്ന് ഇറങ്ങി വരുമ്പോൾ ഊമനായ ആത്മാവുള്ള ഒരു മകനെ ശിഷ്യന്മാർക്ക് സൗഖ്യമാക്കാൻ സാധിക്കുന്നില്ല എന്ന് കർത്താവ് മനസ്സിലാക്കുന്നു. ശിഷ്യന്മാരെ ശാസിക്കുന്ന കർത്താവ് തന്റെ മനുഷ്യാവതാരത്തിന്റെ പരമമായ ലക്ഷ്യത്തെ അവരോട് വെളിപ്പെടുത്തുകയാണ്. മനുഷ്യപുത്രൻ മരിക്കുവാൻ പോകുന്നുവെന്നും മൂന്ന് ദിനങ്ങൾക്കുശേഷം താനുയിർത്തെഴുന്നേൽക്കും എന്നും അവരെ ഓർമ്മപ്പെടുത്തുമ്പോഴും ശിഷ്യന്മാരുടെ ശ്രദ്ധ മറ്റു പലതിലും ആയിരുന്നുവെന്ന് ഈ വേദഭാഗം വരച്ചുകാട്ടുന്നു. വാസ്തവത്തിൽ പരാജയപ്പെട്ടുപോകുന്ന ശിഷ്യത്വം എന്നതാണ് ഈ വേദഭാഗത്തെ പ്രതിപാദ്യം.

### സ്വമഹിമയെ കുറിച്ചുള്ള മൂഢ ചിന്ത

മനുഷ്യകുലത്തിന്റെ ആരംഭം തൊട്ടുതന്നെ ആരാണ് വലിയവൻ എന്ന ചോദ്യം മനുഷ്യരുടെ ഇടയിൽ ഉണ്ടായിരുന്നു. കയീനും ഹാബേലിനും ഇടയിൽ സംഭവിച്ചതും ഇത് തന്നെയാകും. മനുഷ്യാവതാരത്തിന്റെ പരമമായ ലക്ഷ്യത്തെക്കുറിച്ച് കർത്താവ് ഓർമ്മിപ്പിക്കുമ്പോഴും തങ്ങളിൽ ആരാണ് വലിയവൻ എന്ന മൂഢ ചിന്തയിൽ ആയിരുന്നു ശിഷ്യസമൂഹം എന്ന് നാം കാണുന്നു.

വരികൾക്കിടയിലൂടെ വായിക്കുമ്പോൾ താനാണ് വലിയവൻ എന്ന് ചിന്തിക്കുവാനുള്ള കാരണം ഓരോ ശിഷ്യനും ഉണ്ടായിരുന്നിരിക്കണം. പത്രോസ് മൂത്തവൻ ആണെങ്കിൽ അന്ത്രിയോസ് ആദ്യം വന്നവനാണ്. യോഹന്നാൻ കർത്താവ് സ്നേഹിച്ചവൻ ആണെങ്കിൽ യൂദാ പണസഞ്ചി ഏൽപ്പിക്കപ്പെട്ടവനാണ്. ഈ മൂഢ ചിന്തയാകാം ദൗത്യ നിർവഹണത്തിൽ ശിഷ്യ സമൂഹത്തെ പുറകിലേക്ക് വലിക്കുന്ന പ്രധാന ഘടകം. ഒരുപക്ഷേ ഇന്നും ക്രൈസ്തവ സമൂഹത്തിന്റെ ദൗത്യ ജീവിതത്തിൽ ഈ അഹംഭാവമാവാം പ്രധാന വെല്ലുവിളി.

സമൂഹത്തിൽ ഉണ്ടായിരുന്ന സകല മഹിമാ സമവാക്യങ്ങളെയും കർത്താവ് തകിടം മറിക്കുകയാണ്. ഒരു ശിശുവിനെ എടുത്ത് ഉയർത്തി ഒരു പദവിയും ഇല്ലാത്തവനെ കൈക്കൊള്ളുന്നവനാണ് വലിയവൻ എന്ന് കർത്താവ് പറയുമ്പോൾ അഹത്തിൽ ശ്രദ്ധവയ്ക്കാതെ നിസ്സാരനെന്ന് കരുതുന്നവനെ പോലും പോലും ഗൗനിക്കുവാനുള്ള ആഹ്വാനമാണ് കർത്താവ് നൽകുന്നത്.

ഉയർച്ച താഴ്ചകൾ ഈ ലോക ജീവിതത്തിന്റെ അടയാളപ്പെടുത്തലുകൾ മാത്രമാണെന്ന് ഈ വേദഭാഗം ഓർമിപ്പിക്കുകയാണ്. ഫിലിപ്പിയർ 2:6 സ്വയം ശൂന്യവൽക്കരിച്ച ദൈവത്തെ പരിചയപ്പെടുത്തുമ്പോൾ ആ ക്രിസ്തു മാതൃകയാണ് ഓരോ ശിഷ്യനും ജീവിതത്തിലും സ്വീകരിക്കേണ്ടത് എന്ന് നാം തിരിച്ചറിയണം. ദൈവസന്നിധിയിൽ ഉള്ള ഉയർച്ച വിനയപ്പെടൽ ആണെന്ന് ശിഷ്യൻ തിരിച്ചറിയുമ്പോഴാണ് ശിഷ്യത്വം പ്രകാശിതം ആകുന്നത്.


### സ്വകാര്യവൽക്കരിക്കുവാനുള്ള വ്യാമോഹം

ശിഷ്യത്വത്തിന്റെ അപചയമായി ഈ വേദഭാഗം മുൻപോട്ട് വയ്ക്കുന്ന രണ്ടാമത്തെ ആശയം ക്രിസ്തുവിനെ സ്വകാര്യവൽക്കരിക്കുവാനുള്ള പരിശ്രമമാണ്. ക്രിസ്തുവിൻറെ നാമത്തിൽ ഒരുവൻ പ്രവർത്തിക്കുന്നെങ്കിലും തങ്ങളോടുകൂടെ നിന്നെ അനുഗമിച്ചില്ല എന്നതുകൊണ്ട് അവനെ വിരോധിച്ചു എന്ന് യോഹന്നാൻ പറയുകയാണ്. ക്രിസ്തു ഞങ്ങളുടേത് മാത്രമെന്ന് ശാഠ്യം പിടിക്കുക എന്ന അപചയമാണ് ഇവിടെ ശിഷ്യത്വം നേരിടുന്നത്. സർവ ലോകത്തിന്റെയും രക്ഷയ്ക്കുവേണ്ടി വന്ന കർത്താവിനെ ലോകത്തിനു പരിചയപ്പെടുത്തുക എന്ന ദൗത്യമാണ് ശ്ലീഹന്മാരെ ഭരമേൽപ്പിച്ചത്. എന്നാൽ തങ്ങൾ മൂലം മാത്രമേ ക്രിസ്തു പരിചയപ്പെടുവാൻ പാടുള്ളൂ എന്ന് ശാഠ്യം പിടിക്കുന്നത് ശിഷ്യത്വത്തിന്റെ സ്വഭാവത്തിന് വിരുദ്ധമാണ്. ദുശാഠ്യം ശിഷ്യത്വത്തിന്റെ ഭാഗമല്ല എന്ന ബോധ്യം ഉണ്ടാകണം. അത്തരം ഒരു പ്രവർത്തനം ക്രിസ്തുവിനെ പരിമിതപ്പെടുത്തുവാൻ അല്ലാതെ സുവിശേഷത്തെ വ്യാപിപ്പിക്കുവാൻ പര്യാപ്തമാവില്ല എന്ന് തിരിച്ചറിയണം .

വ്യക്തിയോടുള്ള എതിർപ്പിനെ പ്രതി തങ്ങൾ ചേർന്ന് നിൽക്കേണ്ട ആശയത്തെയും എതിർത്തു തോൽപ്പിക്കേണ്ടി വരിക എന്ന ദുര്യോഗം ഈ ഇത്തരം സാഹചര്യങ്ങൾക്ക് ഉണ്ട്. തങ്ങൾ ഉയർത്തിപ്പിടിക്കുന്ന ആശയം തന്നെയാണ് തങ്ങളോട് കൂടെ ഇല്ലായെങ്കിലും അവരും ഉയർത്തിപ്പിടിക്കുന്നത് എന്ന ബോധ്യമാണ് സുവിശേഷത്തിന് ഏറെ അഭികാമ്യം.

❑

Church Calendar



# He who humbles himself is the greatest in the Kingdom of Heaven.

## The fifth Sunday after Pentecost (St. Mark 9:33-41)

**Philipose Ramban**

**(Jyothis Ashram, Abu Road, Rajasthan)**

While Jesus Christ and His disciples were traveling together, an argument arose among the disciples. They disputed and argued among themselves about who was the greatest among them. When Jesus Christ asked them what they were arguing about on the way, they all remained silent. Understanding what their conversation was about, Jesus told them: "If anyone desires to be first, he must be the last of all and the servant of all. Taking a child, He set him in their midst, and taking him in His arms, He said to them, Whoever receives one of these little children in My name receives Me; and whoever receives Me, receives not Me but Him who sent Me". On another occasion, when the disciples asked Jesus, "Who is the greatest in the Kingdom of Heaven?", He called a little child to Him, set him in their midst, and said: "Unless you turn and become like little children, you will never enter the Kingdom of Heaven. Therefore, whoever humbles himself like this little child is the greatest in the Kingdom of Heaven."

Even among the disciples of Jesus Christ, the thought of who was the greatest among them had crept in. This passage shows Jesus Christ's reaction to that. Perhaps the special consideration received by Peter, James, and John caused distress to the other disciples. In His reaction, Jesus provides a new definition and interpretation regarding who is great. Several factors, such as the special privilege bestowed more than once by Jesus upon these three, Peter, James, and John, and His instruction to pay the temple tax only for Himself and Peter, must have prompted this dispute. By the term "Kingdom of Heaven", they must have meant an earthly kingdom. They must have also thought, based on Jesus' words, that the time for the establishment of this kingdom was drawn near. We read here that when Jesus Christ asked about this dispute, the disciples were ashamed and remained silent.

**Children are the owners of a sincere heart.**

When we say that Jesus Christ carried a child in His arms, we can guess the age of this child. An age right enough to come near when called, and yet easily carried in arms. The Fathers teach that this child later became 'Mar Ignatius, who was close to fire (Theophorus)', the Patriarch of Antioch. Usually, a child's heart is considered a model of a sincere heart. A child's heart is full of love and free from hypocrisy. An attitude opposite to this was what could be seen in the disciples. Unless one discards this attitude and becomes sincere, loving, and humble in heart, they will not only fail to attain the prime position but will not even be able to enter the Kingdom of God.

The innocence, sense of dependence, and humility that a child has must, in reality, be present in a great person as well. No matter how small a child is, the attitude of receiving and accepting that little one is true greatness. Those who are able to accept in such a way will also possess the humility to think that they are smaller than everyone else. Jesus says that the state of being smaller than everyone, like a child, is what the greatest person should possess.

**Children consider others to be greater than themselves.**

Those who are willing to receive a child can receive Jesus and the Heavenly Father who sent Jesus. This passage makes it clear that Jesus Christ assigned great importance to children. In the society of that day, children received no rights or status. Saint Paul the Apostle makes it clear: "As long as an heir is a child, he is no different from a slave, although he owns the whole estate" (Galatians 4:1). In all matters, children depend on their parents or elders. What a child receives is not in a manner consistent with worthiness, but as gifts. Many ideas are contained in the phrase "become like a child." Although many things can be said like the uniqueness of children, the dependent nature manifested in them, faith, innocence, and friendship, the idea emphasized here is humility. Consider others better than yourselves.

Only one who is convinced that he is lowlier than others can consider others as great. Once the disciples asked Jesus Christ: "Who is the greatest in the Kingdom of Heaven?" By way of a reply, Jesus called a child, stood him in their midst, and said: "Assuredly, I say to you, unless you are converted and become as little children, you will by no means enter the Kingdom of Heaven. Whoever humbles himself as this little child is the greatest in the Kingdom of Heaven."

Saint James the Apostle says that the sign of one who is wise and understanding is gentleness. "Who is wise and understanding among you? Let him show by good conduct that his works are done in the gentleness of wisdom" (St. James 3:13). "Do nothing out of stubbornness or conceit, but in humility consider each other better than yourselves" (Philippians 2:3). In all these instances, the importance of lowliness and humility is highlighted. Humility, or meekness, is the characteristic feature of children's nature.

Among the teachings of Jesus Christ, the two most difficult things are those spoken about service and humility. If every individual strives to become great in the way Jesus taught, most of the problems plaguing our parishes, societies, families, and the Church itself will disappear. For the salvation of all mankind, the Son humbled Himself, lowering Himself even unto death on a cross. "Who, being in the form of God, did not consider equality with God something to be grasped, but emptied Himself, taking the form of a servant, and coming in the likeness of men. And being found in appearance as a man, He humbled Himself and became obedient to the point of death." Just as the disciples accepted this model of Christ, let us follow it too.

❑

# കാൽപന്തിന്റെ ജനാധിപത്യം

## ഫാ. അജീഷ് ബാബു

ഭൂമിയെ വിഭജിക്കാൻ മനുഷ്യൻ കണ്ടുപിടിച്ച അതിർത്തികൾ അനവധിയാണ്. രാജ്യങ്ങൾ, ഭാഷകൾ, വർഗ്ഗങ്ങൾ, മതങ്ങൾ, നിറങ്ങൾ, രാഷ്ട്രീയങ്ങൾ, സാമ്പത്തിക അസമത്വങ്ങൾ മനുഷ്യരെ വേർതിരിച്ചുനിർത്താൻ ചരിത്രം പല മതിലുകളും പണിതിട്ടുണ്ട്. എന്നാൽ അതേ മനുഷ്യചരിത്രത്തിൽ, ആ മതിലുകൾക്കുമേൽ ഒരു പാലംപോലെ ഉയർന്നുനിൽക്കുന്ന ചില അദ്ഭുതങ്ങളും ഉണ്ട്. അവയിൽ ഏറ്റവും ജനകീയവും ഏറ്റവും മനോഹരവുമായ അദ്ഭുതത്തിന്റെ പേരാണ് ഫുട്ബോൾ.

ഒരു കാൽപന്ത് ഉരുളാൻ തുടങ്ങുമ്പോൾ ലോകത്തിന്റെ ഭൂപടം തന്നെ മാറിപ്പോകുന്നു. അതിർത്തികൾ അപ്രത്യക്ഷമാകുന്നു. ഭാഷകൾ മൗനമാകുന്നു. രാഷ്ട്രീയവ്യത്യാസങ്ങൾ പിന്നിലേക്ക് മാറിനിൽക്കുന്നു. അപ്പോൾ മനുഷ്യർ സംസാരിക്കുന്നത് മറ്റൊരു ഭാഷയിലാണ് വികാരങ്ങളുടെ ഭാഷയിൽ. ഒരു ഗോൾ പിറക്കുമ്പോൾ ഉയരുന്ന ആഹ്ലാദാരവങ്ങൾക്ക് വിവർത്തനം ആവശ്യമില്ല. ഒരു തോൽവിക്കുശേഷം കണ്ണുകളിൽ നിറയുന്ന കണ്ണുനീരിനും പ്രത്യേക ഭാഷയില്ല. സന്തോഷവും നിരാശയും പ്രതീക്ഷയും സ്വപ്നങ്ങളും ലോകത്തിന്റെ എല്ലാ കോണുകളിലും ഒരേ അർത്ഥം തന്നെയാണ് വഹിക്കുന്നത്.

ഫുട്ബോളിന്റെ മഹത്വം അതിന്റെ നിയമങ്ങളിലോ ട്രോഫികളിലോ മാത്രമല്ല. മനുഷ്യരെ പരസ്പരം കണ്ടുമുട്ടാൻ അത് ഒരുക്കുന്ന വേദിയിലാണ് അതിന്റെ യഥാർത്ഥ സൗന്ദര്യം. ദരിദ്രമായ ഒരു ഗ്രാമത്തിലെ കുട്ടിയും സമ്പന്നമായ ഒരു നഗരത്തിലെ യുവാവും ഒരേ താരത്തെ ആരാധിക്കുന്നു. മരുഭൂമിയിലെ മനുഷ്യനും മഞ്ഞുവീഴുന്ന നാട്ടിലെ മനുഷ്യനും ഒരേ മത്സരത്തിനായി കാത്തിരിക്കുന്നു. ചരിത്രത്തിൽ പരസ്പരം യുദ്ധം ചെയ്ത രാജ്യങ്ങളിലെ ജനങ്ങൾ പോലും ഒരേ കളിയുടെ സൗന്ദര്യത്തിൽ വിസ്മയപ്പെടുന്നു. മനുഷ്യരെ മനുഷ്യരുമായി വീണ്ടും പരിചയപ്പെടുത്തുന്ന ഈ ശക്തിയാണ് ഫുട്ബോളിനെ മറ്റെല്ലാ കളികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ലോകകപ്പ് എന്നത് വെറും ഒരു കായികമേളയല്ല. അത് മനുഷ്യവികാരങ്ങളുടെ ഒരു മഹോത്സവമാണ്. നാലു വർഷം കാത്തിരുന്ന സ്വപ്നങ്ങൾ അവിടെ കളിക്കളത്തിലിറങ്ങുന്നു. ചിലർ വിജയത്തിന്റെ കഥ എഴുതുന്നു. ചിലർ പരാജയത്തിന്റെ വേദന അനുഭവിക്കുന്നു. ചിലർ ചരിത്രം സൃഷ്ടിക്കുന്നു. ചിലർ ചരിത്രത്തിന്റെ ഭാഗമാകുന്നു. എന്നാൽ അവസാനം എല്ലാവരും ചേർന്ന് ഒരു വലിയ മനുഷ്യകഥയുടെ അധ്യായങ്ങൾ എഴുതുകയാണ്.

ഒരു രാജ്യത്തിന്റെ പതാക നെഞ്ചോട് ചേർത്ത് ലക്ഷക്കണക്കിന് ആളുകൾ സ്റ്റേഡിയങ്ങളിലേക്ക് ഒഴുകുമ്പോൾ അവർ വെറും ഒരു ടീമിനെ പിന്തുണയ്ക്കുന്നില്ല. അവർ അവരുടെ ഓർമ്മകളെയും പ്രതീക്ഷകളെയും ജീവിതാനുഭവങ്ങളെയും ആഘോഷിക്കുകയാണ്. കുട്ടിക്കാലത്ത് അച്ഛനോടൊപ്പം കണ്ട മത്സരങ്ങളുടെ ഓർമ്മകൾ, സുഹൃത്തുക്കളോടൊപ്പം പങ്കിട്ട ആവേശങ്ങൾ, തോൽവിക്കു ശേഷമുള്ള നിശബ്ദതകൾ, വിജയത്തിനുശേഷമുള്ള ആഹ്ലാദങ്ങൾ ഇതെല്ലാം ചേർന്നാണ് ലോകകപ്പ് മനുഷ്യജീവിതത്തിന്റെ ഭാഗമാകുന്നത്.

ഫുട്ബോൾ പലപ്പോഴും സമൂഹത്തിന് കണ്ണാടിയാകാറുണ്ട്. വർഗ്ഗീയതയ്ക്കെതിരെയും വിവേചനങ്ങൾക്കെതിരെയും മനുഷ്യാവകാശങ്ങൾക്കുവേണ്ടിയും ഉയർന്ന അനേകം ശബ്ദങ്ങൾ ഫുട്ബോളിന്റെ ലോകത്ത് നിന്നാണ് മുഴങ്ങിയത്. ചർമ്മത്തിന്റെ നിറമോ ജനിച്ച നാടോ സാമ്പത്തിക പശ്ചാത്തലമോ മനുഷ്യന്റെ മൂല്യം നിർണയിക്കുന്നില്ലെന്ന് ലോകത്തെ വീണ്ടും വീണ്ടും ഓർമ്മിപ്പിച്ച വേദിയാണ് ഫുട്ബോൾ. പല രാജ്യങ്ങളുടെയും ദേശീയ ടീമുകളെ നോക്കിയാൽ തന്നെ വൈവിധ്യത്തിന്റെ സൗന്ദര്യം കാണാം. വ്യത്യസ്ത വേരുകളിൽ നിന്ന് വളർന്ന മനുഷ്യർ ഒരേ ലക്ഷ്യത്തിനായി ഒരുമിച്ച് ഓടുന്നു. ലോകം




പഠിക്കേണ്ട പാഠം അതിലുണ്ട്.

ഇന്നത്തെ ലോകം മുമ്പെങ്ങുമില്ലാത്തവിധം സാങ്കേതികമായി അടുത്തുവന്നിട്ടും മനുഷ്യർ പലപ്പോഴും ഹൃദയങ്ങളിൽ അകലുകയാണ്. അഭിപ്രായവ്യത്യാസങ്ങൾ ബന്ധങ്ങളെ തകർക്കുന്നു. രാഷ്ട്രീയങ്ങൾ മനുഷ്യരെ വേർതിരിക്കുന്നു. ഭയങ്ങളും സംശയങ്ങളും സമൂഹങ്ങളെ ചിതറിക്കുന്നു. അത്തരം ഒരു കാലഘട്ടത്തിൽ, ഫുട്ബോൾ നമ്മെ ഒരു പഴയ സത്യം ഓർമ്മിപ്പിക്കുന്നു: മനുഷ്യനെ ഒന്നിപ്പിക്കുന്നത് അവന്റെ വ്യത്യാസങ്ങളല്ല, അവന്റെ വികാരങ്ങളാണ്. ഒരു മത്സരം അവസാനിക്കുമ്പോൾ സ്കോർബോർഡ് വിജയികളെയും പരാജിതരെയും പ്രഖ്യാപിക്കും. എന്നാൽ ഫുട്ബോളിന്റെ യഥാർത്ഥ വിജയം അവിടെയല്ല. ഒരിക്കലും കണ്ടുമുട്ടാത്ത മനുഷ്യർ ഒരേ നിമിഷത്തിൽ സന്തോഷിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നതിലാണ് ആ വിജയം. പരസ്പരം അപരിചിതരായ ലക്ഷക്കണക്കിന് ആളുകൾ ഒരു ഗോൾ ആഘോഷിക്കുമ്പോൾ ലോകം അല്പം കൂടുതൽ മനുഷ്യസൗഹൃദമാകുന്നതിലാണ് ആ വിജയം.

ഈ വർഷത്തെ ലോകകപ്പ് പുതിയ താരങ്ങളെ സമ്മാനിച്ചേക്കാം. പുതിയ റെക്കോർഡുകൾ പിറന്നേക്കാം. പുതിയ ചാമ്പ്യന്മാർ ഉയർന്നുവരാം. എന്നാൽ ഇതെല്ലാറ്റിനുമപ്പുറം ലോകം വീണ്ടും ഒരു പന്തിന് ചുറ്റും ഒന്നിക്കുന്ന ആ കാഴ്ചയാണ് ഏറ്റവും വലിയ അത്ഭുതം. മനുഷ്യരാശിക്ക് ഇപ്പോഴും ഒരുമിച്ച് സ്വപ്നം കാണാൻ കഴിയുന്നുവെന്നും, ഒരുമിച്ച് ആഘോഷിക്കാൻ കഴിയുന്നുവെന്നും, പരസ്പരം മനസ്സിലാക്കാൻ കഴിയുന്നുവെന്നും തെളിയിക്കുന്ന മഹത്തായ സാക്ഷ്യമാണ് ലോകകപ്പ്. കാരണം ചരിത്രം എത്രയോ യുദ്ധങ്ങളുടെ കഥകൾ പറഞ്ഞിട്ടുണ്ടെങ്കിലും, മനുഷ്യരെ ഒന്നിപ്പിച്ച കഥകൾ എന്നും കൂടുതൽ മനോഹരമാണ്. അത്തരമൊരു കഥയുടെ പേരാണ് ഫുട്ബോൾ. ഒരു പന്തിന് ചുറ്റും ഒരിക്കൽക്കൂടി ലോകം ഒന്നിക്കുന്ന ഈ ദിനങ്ങളിൽ, വിജയത്തേക്കാൾ വലിയതും കിരീടത്തേക്കാൾ മഹത്തായതുമായ ഒരു സത്യം നമുക്ക് ആഘോഷിക്കാം നമ്മൾ എല്ലാവരും ഒരേ മനുഷ്യകുടുംബത്തിന്റെ ഭാഗമാണെന്ന സത്യം. ഈ ലോകകപ്പ് മത്സരങ്ങളുടെ മാത്രമല്ല, മനുഷ്യഹൃദയങ്ങളുടെ ഉത്സവമാകട്ടെ. ഗോൾവലകൾ മാത്രമല്ല, ഹൃദയങ്ങളും തുറക്കപ്പെടട്ടെ. കിരീടങ്ങൾ മാത്രമല്ല, സൗഹൃദങ്ങളും ജനിക്കട്ടെ. രാഷ്ട്രങ്ങൾ മത്സരിക്കട്ടെ; മനുഷ്യർ ഒന്നിക്കട്ടെ.

ലോകത്തെ ഏറ്റവും മനോഹരമായി ഒന്നിപ്പിക്കുന്ന ഭാഷകളിൽ ഒന്നിന്റെ പേരാണ് ഫുട്ബോൾ. ❑





വരിക്കോലി പള്ളിയുടെ നവീകരിച്ച OCYM ഓഫീസിന്റെ കൂദാശ കണ്ടനാട് ഇടവക മെത്രാപ്പോലിത്താ ഡോ. തോമസ് മാർ അത്താനാസിയോസ് നിർവ്വഹിച്ചു




മാവേലിക്കര എ. ആർ. രാജരാജവർമ സ്മാരകത്തിൽ പുരോഗമന കലാ സാഹിത്യ സംഘം സംഘടിപ്പിച്ച സാഹിത്യ സംഗമത്തിൽ സാം ഗീവർഗീസ് ഡാനിയേൽ രചിച്ച 'പ്രവാസത്തിന്റെ നാൽപ്പതാണ്ടുകൾ' സാഹിത്യകാരൻ ബെന്യാമിൻ എം. എസ്. അരുൺകുമാർ എംഎൽഎ യ്ക്ക് കൈമാറി പ്രകാശനം ചെയ്തു.

## പുസ്തകം




### 'പ്രവാസത്തിന്റെ നാൽപ്പതാണ്ടുകൾ'

**സാം ഗീവർഗീസ് ഡാനിയേൽ**

പ്രസാധകർ: ഉൺമ പബ്ലിക്കേഷൻസ്, നൂറനാട്



കൊട്ടാരക്കര–പുനലൂർ ഭദ്രാസന ബാലസമാജത്തിന്റെ നേതൃത്വത്തിൽ ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഭദ്രാസനതലത്തിൽ ഒരു ചിത്രരചന മത്സരം നടത്തുകയുണ്ടായി. ബാലസമാജത്തിന്റെ ഭദ്രാസന വൈസ് പ്രസിഡൻറ് ഫാ. ജിബിൻ ജോർജും, ജനറൽ സെക്രട്ടറി റോബിൻ വിൽസനും, ബാലസമാജത്തിന്റെ ഭദ്രാസന ഭാരവാഹികളും നേതൃത്വം നൽകി. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ തേവോദോറോസ് വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.




കോട്ടയം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വിശ്വാസത്തിന്റെയും സാക്ഷ്യത്തിന്റെയും പ്രബോധനത്തിന്റെയും ആത്മീയ സന്ദേശം ഉൾക്കൊള്ളുന്ന ടൈറ്റിൽ സോങ്ങിന്റെ പ്രകാശനച്ചടങ്ങ് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് തെങ്ങണ സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് നിർവ്വഹിച്ചു. ഗാനരചനയും സംഗീതവും: ഫാ. ജിജി മാത്യു വാകത്താനം, ആശിഷ് പുന്നൂസ്, ബ്രിസ്ബേൻ, ഓസ്ട്രേലിയ



സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഓപ്പറേഷൻ തൂഫാന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനം. ലഹരി വിരുദ്ധ ദിനമായ ജൂൺ 26-നു ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു, അതിനു മുന്നോടിയായിട്ടാണ് സംസ്ഥാന സർക്കാർ ആഹ്വാനം ചെയ്ത ഓപ്പറേഷൻ തൂഫാന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രതിജ്ഞ എടുത്തത്. കണ്ടനാട് വെസ്റ്റ് ഭദ്രാസന സഹായ മെത്രാപ്പോലീത്ത സക്കറിയ മാർ സേവേറിയോസ്, ഭദ്രാസ യുവജന പ്രസ്ഥാനം വൈസ് പ്രസിഡണ്ട് ഫാ. ബേസിൽ ജോർജ്, യുവജനപ്രസ്ഥാനം സെക്രട്ടറി എൽദോ ജോർജ്, ഫാ. അബ്രഹാം പാലപ്പിള്ളി, ഫാ. ജിത്തു മാത്യു, ഫാ. ബിനോയ് ബിജു, ആൾഡ്രിൻ ബെന്നി, ബേസിൽ സജി എന്നിവർ നേതൃത്വം നൽകി.



കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ്മന്ത്രി റോജി എം ജോൺ, ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ എത്തി അങ്കമാലി ഭദ്രാസന ഇടയൻ യൂഹാനോൻ മാർ പോളിക്കാർപോസ് മെത്രാപോലീത്തായെ സന്ദർശിച്ചു. അങ്കമാലി ഭദ്രാസന സെക്രട്ടറി ഫാ. എ. വി. മാത്യൂസ്, മലങ്കര സഭാ മാനേജിംഗ് കമ്മിറ്റി അംഗം പി. വി. ബഹനാൻ എന്നിവർ സമീപം.




കോട്ടയം ഭദ്രാസനത്തിലെ ലീഗൽ ഫോറത്തിന്റെ നേതൃത്വത്തിൽ പുതുപ്പള്ളി ഗ്രൂപ്പ് മർത്തമറിയം സമാജം അംഗംങ്ങൾക്കായി, മീനടം സെന്റ് ജോൺസ് ദേവാലയത്തിൽ വച്ച് women Empowerment and Rights എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ. ജെയ്സി കരിങ്ങാട്ടിൽ ക്ലാസ്സ് എടുത്തു.



ഓസ്ട്രേലിയ മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് തീർത്ഥാടന ദേവാലയത്തിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പും സെന്റ് ജോസഫ്സ് ഓർത്തഡോക്സ് ഫെലോഷിപ്പും സംയുക്തമായി സംഘടിപ്പിച്ച കുടുംബ സംഗമം നടത്തപ്പെട്ടു. കുടുംബ സംഗമത്തിന് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ മുൻ പ്രൊഫസർ ഡോ. വത്സമ്മ എം. സാമുവൽ നേതൃത്വം നൽകി.



വൈ.എം.സി.എ. ദേശീയ ഉപദേഷ്ടാവായി അഡ്വ. ജോസഫ് ജോണിനെ നിയമിച്ചു. മലങ്കരസഭാ മാനേജിംഗ് കമ്മറ്റി അംഗവും, അസ്സോസിയേഷൻ ട്രിബ്യൂണൽ അംഗവും, കായംകുളം കാദീശാ കത്തീഡ്രൽ അംഗവുമാണ്. വൈ.എം.സി.എ. കേരള റീജിയൻ ചെയർമാൻ, ദേശീയ നിർവ്വാഹക സമതി അംഗം ഏഷ്യ പസഫിക്ക് അലൈയൻസ് ഒഫ് വൈ.എം.സി.എ. നിർവ്വാഹക സമതി അംഗം എന്നി നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്.



# ഡോ. എം. എ. ഇട്ടിയച്ചന് വിട

പ്രൊഫ. ഡോ. എം. എ. ഇട്ടിയച്ചൻ (എം.ജി സർവകലാശാല മുൻ ആക്ടിങ് വൈസ് ചാൻസലർ) അന്തരിച്ചു. പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനും അധ്യാപകനും വിദ്യാഭ്യാസ വിദഗ്ദ്ധനുമായിരുന്നു മഴുവഞ്ചേരിപറമ്പത്ത് എബ്രഹാം ഇട്ടിയച്ചൻ. 85 വയസ്സായിരുന്നു. 1983-ൽ മഹാത്മാഗാന്ധി സർവ്വകലാശാല സ്ഥാപിതമായപ്പോൾ അവിടെ നിയമിതനായ ആദ്യത്തെ ഫാക്കൽറ്റി അംഗമായിരുന്നു അദ്ദേഹം.

സർവ്വകലാശാലയിലെ സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിന്റെ സ്ഥാപക ഡയറക്ടറും മേധാവിയുമായിരുന്ന അദ്ദേഹത്തിന്റെ ദീർഘ വീക്ഷണത്തോടെയുള്ള നേതൃത്വത്തിലാണ് വകുപ്പ് മികച്ച ഒരു അധ്യാപന-ഗവേഷണ കേന്ദ്രമായി വളർന്നത്. വിവിധ സർവ്വകലാശാലകളുടെ അക്കാദമിക, ഭരണ ചുമതലകൾ വഹിച്ചിട്ടുണ്ട്. 2001-ൽ വിരമിച്ചു.

കേരളത്തിലെ ശാസ്ത്ര-അക്കാദമിക് രംഗങ്ങളിൽ പ്രമുഖ വ്യക്തിത്വമായിരുന്ന അദ്ദേഹം ക്രിസ്റ്റലൈൻ മെറ്റീരിയൽസ്, ബയോളജിക്കൽ ക്രിസ്റ്റൽസ്, ഫോസ്ഫറുകൾ എന്നീ മേഖലകളിലെ ഗവേഷണങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയനായിരുന്നു. നിരവധി ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശാസ്ത്രസാഹിത്യ രംഗത്തും സജീവമായിരുന്ന അദ്ദേഹം 'നമ്മുടെ ശാസ്ത്രകാരന്മാർ', 'റിച്ചാർഡ് ഫൈൻമാൻ: മനുഷ്യസ്നേഹിയായ ഒരു സൈദ്ധാന്തിക ശാസ്ത്രജ്ഞൻ' തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംസ്ക്കാരച്ചടങ്ങുകൾ അയ്യമ്പിള്ളി സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. ഭാര്യ: സൗമിനി (റേച്ചൽ). മക്കൾ: ഡോ. എബ്രഹാം ഇട്ടിയച്ചൻ, ബിജു ഇട്ടിയച്ചൻ, അന്നു ഇട്ടിയച്ചൻ. മരുമക്കൾ: ഡോ. ലിസ, രഞ്ജു, മാത്യൂ വർഗീസ്.




# കേരളത്തെ ക്ലീനാക്കാൻ യുവശക്തി മുന്നിട്ടിറങ്ങണം: പ. കാതോലിക്കാ ബാവാ

### കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ഡ്രൈ ഡേ ആചരണം മലങ്കരസഭാധ്യക്ഷൻ ഉദ്ഘാടനം ചെയ്തു

പാമ്പാക്കുട: പകർച്ചവ്യാധികളുടെ പിടിയിലമരുന്ന നാടിനെ ശുചീകരിക്കാൻ യുവാക്കൾ രംഗത്തിറങ്ങണമെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കണ്ടനാട് വെസ്റ്റ് ഭദ്രാസനം സംസ്ഥാന സർക്കാരിന്റെ ആഹ്വാനം ഏറ്റെടുത്ത് നടപ്പാക്കിയ ഡ്രൈ ഡേ ആചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പരിശുദ്ധ ബാവാ. ജാതി മത രാഷ്ട്രീയ ഭേദനമെന്യേ യുവശക്തി ഒരുമിച്ചാൽ കേരളം പകർച്ചവ്യാധികളിൽ നിന്ന് രോഗമുക്തി നേടും. പരിസര മലിനീകരണവും, വെള്ളം കെട്ടിക്കിടക്കന്നതുമാണ് കൊതുകുജന്യ രോഗങ്ങൾ പടരാൻ കാരണം. പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടിയാണ്. ആ സൃഷ്ടിയെ സംരക്ഷിക്കുക എന്നത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമാണെന്ന് ബാവാ പറഞ്ഞു.

ഭദ്രാസന യുവജനപ്രസ്ഥാനം പുറത്തിറക്കുന്ന 'പരിസ്ഥിതിയെ പരിപാലിക്കാം ഡെങ്കിപ്പനിയെ തടയാം' എന്ന പ്രവർത്തന പദ്ധതിയുടെ ബുക്ക്ലെറ്റ് പരിശുദ്ധ കാതോലിക്കാ ബാവാ പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ബേസിൽ ജോർജിന് നൽകി പ്രകാശനം ചെയ്തു. പിറമാടം പ്രത്യാശ ഭവനിൽ ചേർന്ന യോഗത്തിൽ ഫാ. ബേസിൽ ജോർജ് അധ്യക്ഷത വഹിച്ചു. ഫാ. ടോം ബേബി, ഡീക്കൻ മർക്കോസ് പുത്തൂരാൻ, യുവജന പ്രസ്ഥാനം ഭദ്രാസന ജനറൽ സെക്രട്ടറി എൽദോസ് ജോർജ്, ആൽഡ്രിൻ ബെന്നി, ബേസിൽ സജി എന്നിവർ സംസാരിച്ചു. സർക്കാരിന്റെയും പരിശുദ്ധ കാതോലിക്കാ ബാവായുടെയും ആഹ്വാനം ഏറ്റെടുത്ത് ഭദ്രാസനത്തിന്റെ എല്ലാം ദേവാലയങ്ങളിലും യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഡ്രൈ ഡേ ആചരിച്ചു.



**ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നിരണം ഭദ്രാസന സമിതി വിദ്യാലയങ്ങൾക്കായി സംഘടിപ്പിക്കുന്ന അക്ഷരദീപം പദ്ധതിയുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. വായനദിനത്തോട് അനുബന്ധിച്ച് തിരുവല്ല എം.ജി.എം. ഹയർ സെക്കൻഡറി സ്കൂളുമായി സഹകരിച്ച് സംഘടിപ്പിച്ച പരിപാടിയിൽ പ്രശസ്ത സംവിധായകൻ കവിയൂർ ശിവപ്രസാദ് വായനാദിന സന്ദേശം നൽകി.**



**മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനവും, ജി ഐ ടി കോട്ടയവും ചേർന്ന് GIT ക്യാമ്പസിൽ സംഘടിപ്പിച്ച തൊഴിൽമേള കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജയിൻ സി. മാത്യു അധ്യക്ഷത വഹിച്ചു. കുറിയാക്കോസ് മാർ ക്ലിമീസ് മുഖ്യ അഥിതി ആയിരുന്നു. റോണി കെ ബേബി എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. ജിഐടി ഗ്രൂപ്പ് ചെയർമാൻ ജോജി തോമസ്, OCYM കേന്ദ്ര ട്രഷറർ രെഞ്ചു എം. ജോയ്, ഫാ. തോമസ് എബ്രഹാം ഇടയാടി, ഡാനി കെ. രാജു, സിറിൽ മാത്യൂസ്, സതീഷ് കുമാർ, ലക്കിമോൾ എബ്രഹാം എന്നിവർ സംസാരിച്ചു, 2500–ലധികം ഉദ്യോഗാർത്ഥികളും, നൂറിൽപരം കമ്പനികളുടെ പ്രതിനിധികളും തൊഴിൽമേളയിൽ പങ്കെടുത്തു.**



**വള്ളംകുളം സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ സപ്തതി ജൂബിലി ആഘോഷ പരിപാടികളുടെ ഭാഗമായി ചെങ്ങന്നൂർ ഭദ്രാസന പദ്ധതിയായ 'നീരുറവ' സ്പെഷ്യൽ സ്കൂളിന്റെ പഠനോപകരണങ്ങൾക്കായി ഒരു ലക്ഷം രൂപായുടെ ചെക്ക് ഡോ. മാത്യൂസ് മാർ തീമോത്തിയോസിന് ജൂബിലി കമ്മറ്റിക്കു വേണ്ടി ഭാരവാഹികൾ കൈമാറി. ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി, ഇടവക വികാരി ഫാ മാത്യം ഏബ്രഹാം കാരയ്ക്കൽ, ജനറൽ കൺവീനർ & ട്രസ്റ്റി റ്റി.ജി. പ്രസാദ്, ജോയിന്റ് കൺവീനർ ഷാജി പി. ഫിലിപ്പ്, പ്രോഗ്രാം ചെയർമാൻ പ്രൊഫസർ തോമസ് വർഗീസ്, പ്രോഗ്രാം കൺവീനർ മാത്യം ജേക്കബ് എന്നിവർ സംബന്ധിച്ചു.**



**പന്നിക്കോട് അഡ്വ. പി. ജെ. കുര്യൻ ഗുഡ് സമരിറ്റൻ ട്രസ്റ്റ് വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടത്തിയ പുരസ്കാര സമർപ്പണവും അനുസ്മരണ സമ്മേളനവും സിനിമാ സംവിധായകൻ ബ്ലെസ്സി ഉദ്ഘാടനം ചെയ്തു. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, ശ്രീരാമകൃഷ്ണാശ്രമം മഠാധിപതി പൂജനീയ നിർവിണ്ണാനന്ദ സ്വാമിജി തുടങ്ങിയവർ പങ്കെടുത്തു.**